# പരി. മർത്തശ്മൂനി അമ്മയോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥനകളും, ഗീതങ്ങളും പ്രുമിയോൻ സെദറാകളും



Morth Smooni Jacobite Syriac Orthodox Church
Ghala, Muscat
Sultanate of Oman

| | | |
|---|---|---|
| Year of Publishing | : | August 2019 |
| Author | : | Fr. Abhilash Valiyaveettil |
| Copies | : | 1000 |
| Copy right | : | Morth Smooni Jacobite Syriac Orthodox Church, Ghala<br>Sultanate of Oman |

# JACOBITE SYRIAN CHRISTIAN CHURCH

(Under the Holy Apostolic see of Antioch and All the East)

*Ireneous Paulose Metropolitan*
-Bishop of Kozhikode Diocese
-Patriarchal Vicar of the Sultanate of Oman

MT. HOREB BISHOP'S HOUSE
THAMARASSERY, P.O., KARADI
CALICUT- 673573
KERALA STATE- INDIA
Phone: +91 495 2523475
Email:- ireneouspaulose@yahoo.co.in
ireneouspaulose@gmail.com
Mobile:- +91 9496414122 , 808610073

ദൈവകൃപയാൽ

പ്രിയരെ,

യാക്കോബായ സുറിയാനി സഭയുടെ ആരാധനകളിൽ പരിശുദ്ധന്മാരോടും, ശുദ്ധിമതികളോടുമുള്ള പ്രാർത്ഥനകൾ ഉൾപ്പെടുത്തിയിട്ടുള്ളത് സഭയുടെ പാരമ്പര്യവും വേദപുസ്തക അടിസ്ഥാനവുമാണ്. അനുതാപദ്യോതകവും, ഭക്തി സംവർദ്ധകവുമായ ക്രമങ്ങളുടെ സുലഭതകൊണ്ട് അനുഗ്രഹിതമായ ഈ സഭയിൽ പ്രാർത്ഥനയ്ക്കും അതിലൂടെ ഉരുത്തിരിഞ്ഞുവരുന്ന ധ്യാനത്തിന്നും ഒരുപാട് പ്രസക്തി ഉണ്ട്. പ്രത്യേകിച്ച് പരിശുദ്ധ മർത്തശ്മൂനി അമ്മയോടും, സഹദേന്മാരായ ഏഴു മക്കളോടും ഗുരുവിനോടുമുള്ള മദ്ധ്യസ്ഥ പ്രാർത്ഥന നമ്മേ അനിർവചനീയമായ ദൈവാനുഭവത്തിൽ എത്തിക്കും എന്നുള്ളതു സുനിശ്ചിതമാണ്. പരിശുദ്ധ സഭ വളരെ പ്രാധാന്യത്തോടെ കാണുന്ന ഈ വിശുദ്ധരോടുള്ള മദ്ധ്യസ്ഥ പാർത്ഥനയ്ക്ക് ഉപകരിക്കത്തക്കവിധത്തിൽ മസ്ക്കറ്റിലുള്ള നമ്മുടെ ഗാലാ മർത്തശ്മൂനി ഇടവകയുടെ വികാരി ബഹുമാനപ്പെട്ട അഭിലാഷ് ഏബ്രഹാം കശ്ശീശ രചിച്ച "മർത്തശ്മൂനി അമ്മയോടുള്ള മദ്ധ്യസ്ഥപ്രാർത്ഥന" എന്ന പുസ്തകത്തിനുള്ള പ്രകാശനാനുമതി ഇതിനാൽ നാം നൽകുന്നു. നിങ്ങളെ എല്ലാവരെയും ദൈവമായ കർത്താവ് വാഴ്ത്തി അനുഗ്രഹിക്കുമാറാകട്ടെ.

താമരശ്ശേരിയിലുള്ള മൗണ്ട് ഹോറേബ്
ബിഷപ്സ് ഹൗസിൽ നിന്നും
2019 ജൂലൈ 26

പൗലോസ് മോർ ഐറേനിയോസ് മെത്രാപ്പോലീത്ത

# ആമുഖം

ദൈവതിരുനാമത്തിന് മഹത്വമുണ്ടാകട്ടെ...

പരിശുദ്ധ യാക്കോബായ സുറിയാനി സഭയുടെ വിലമതിക്കുവാൻ ആവാത്ത നിക്ഷേപങ്ങളിൽ ഒന്നാണ് പരിശുദ്ധരോടുള്ള പ്രാർത്ഥനയും, അവരുടെ പെരുന്നാളുകളും, ഓർമ്മകളും. മഹാ പരിശുദ്ധയായ മർത്തശ്മൂനി അമ്മയും, മക്കളായ ഏഴു സഹദേന്മാരും അവരുടെ ഗുരുനാഥനായ മോർ ഏലിയാസറും ദൈവവിശ്വാസം സംരക്ഷിക്കപ്പെടുന്നതിനു വേണ്ടി ജീവൻ ബലിയർപ്പിച്ച വിശുദ്ധരാണ്. അവരുടെ പ്രാർത്ഥന വഴി അനേകമാളുകൾ ദൈവകാരുണ്യം സ്വീകരിക്കുന്നു എന്നതിന്റെ തെളിവാണ് മദ്ധ്യപൂർവ്വദേശത്തും, കേരളത്തിലും, ഇന്ത്യക്കു പുറത്തും ഇവരുടെ നാമത്തിൽ അനേകം പള്ളികൾ ഉയർന്നു എന്നുള്ളത്.

സുപ്രസിദ്ധമായ മൂസലിനു സമീപം 'കരക്കോശ്' എന്ന ഗ്രാമത്തിലുള്ള ദേവാലയം പരിശുദ്ധ മർത്തശ്മൂനി അമ്മയുടെ നാമത്തിലുള്ളതാണ്. വിശുദ്ധയുടെ ഓർമ്മ ദിവസത്തിൽ, പ്രതിവർഷം ഒരു അത്ഭുതപ്രകാശം വടക്കേഭിത്തിയിൽ ഉദയം ചെയ്യുകയും വി. മർത്തശ്മൂനിയും ഏഴു മക്കളും അതിലൂടെ കടന്നുപോവുകയും ചെയ്യുന്ന കാഴ്ച പ്രസിദ്ധമത്രെ. മർത്തശ്മൂനി അമ്മയുടെ നാമത്തിൽ ഇന്ത്യക്കു വെളിയിലുള്ള ഏറ്റവും വലിയ ദേവാലയമാണ് മസ്കത്തിലുള്ള ഗാല മർത്തശ്മൂനി ദേവാലയം. ചുരുങ്ങിയ കാലംകൊണ്ടുതന്നെ പരിശുദ്ധയുടെ പ്രാർത്ഥനവഴിയായി അനേകരുടെ അത്താണിയായി ഈ ദേവാലയം മാറിക്കഴിഞ്ഞിരിക്കുന്നു. ഈ ദേവാലയത്തിൽ മാത്രമല്ല മർത്തശ്മൂനി അമ്മയുടെ നാമത്തിലുള്ള എല്ലാ ദേവാലയങ്ങളിലും ഉപയോഗിക്കത്തക്കവിധത്തിൽ ഒരു പ്രാർത്ഥനാപുസ്തകം ക്രമീകരിക്കുവാൻ കൃപതന്ന സർവ്വശക്തനായ ദൈവത്തെ മഹത്വപ്പെടുത്തുകയും, അമ്മയുടെ മദ്ധ്യസ്ഥതയ്ക്ക് നന്ദി പറയുകയും ചെയ്യുന്നു. ഈ പ്രാർത്ഥനാക്രമം പ്രസിദ്ധീകരിക്കുന്നതിന് അനുമതി തന്ന്, എന്റെ എല്ലാ പ്രവർത്തനങ്ങളിലും എന്നെ പ്രോത്സാഹിപ്പിക്കുകയും, വഴി നടത്തുകയും ചെയ്യുന്ന ഇടവക മെത്രാപ്പോലീത്താ H.G. പൗലോസ് മാർ ഐറേനിയോസ് തിരുമേനിയുടെയും തൃക്കരങ്ങൾ മുത്തി നന്ദി അറിയിക്കുന്നു. കൂടാതെ ഈ ഇടവകയുടെ വളർച്ചയ്ക്ക് ചുക്കാൻ പിടിക്കുന്ന

Com. തോമസ് അലക്സാണ്ടരോടും, Com. ഗീവർഗ്ഗീസ് ജോൺ തരകൻ, Com. ബാബു മാത്യു എന്നിവരോടുമുള്ള നന്ദി അറിയിക്കുന്നു. കൂടാതെ കഴിഞ്ഞ ഒരു വർഷക്കാലം ഇടവകയുടെ എല്ലാ പ്രവർത്തനങ്ങളിലും മുൻപന്തിയിൽ നിൽക്കുന്ന പള്ളിയുടെ ട്രസ്റ്റി ശ്രീ. തോമസ് രാജൻ, സെക്രട്ടറി ജോർജ്ജ് വർഗ്ഗീസ്, Dn. കെ. എം. സണ്ണി, Dr. ഷെറിമോൻ പി. സി, കെ. കെ. കുരുവിള, റോബിൻ ബാബു, ജോർജി തോമസ്, ജിബിൻ മാത്യു എന്നീ കമ്മറ്റി അംഗങ്ങളോടും നന്ദി അറിയിക്കുന്നു.

ഈ പുസ്തകത്തിന്റെ പ്രകാശനത്തിന് ഏറെ സഹായിച്ച പ്രിയ ജോൺ മത്തായിയോടും ഇടവകയിലെ എല്ലാ ജനങ്ങളോടുമുള്ള നന്ദി അറിയിക്കുന്നു. എല്ലാ വർഷവും ജൂലൈ 24 മുതൽ ഓഗസ്റ്റ് 1 വരെ നടത്തപ്പെടുന്ന മർത്തശ്മൂനി അമ്മയുടെ ഓർമ്മപ്പെരുന്നാളിന്റെ ദിവസങ്ങൾ വൃതശുദ്ധിയോടെ കൊണ്ടാടുവാൻ നാം കടപ്പെട്ടവരാണ്. നമ്മുടെ ദേവാലയങ്ങളിലും ഭവനങ്ങളിലും ഈ പ്രാർത്ഥനാ പുസ്തകം വിശ്വാസികൾക്ക് ഒരു മാർഗ്ഗദീപവും, വിമോചനത്തിനുള്ള വാതിലുമായിത്തീരട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിച്ച് ആശംസിക്കുന്നു.

കർതൃശുശ്രൂഷയിൽ

**ഫാ. അഭിലാഷ് ഏബ്രഹാം വലിയവീട്ടിൽ**

# ഉള്ളടക്കം


1. മർത്തശ്മൂനി അമ്മയുടെ ജീവചരിത്രം
2. പ്രുമിയോൻ - സെദറാ - എത്രോ - സന്ധ്യാനമസ്കാരം
3. പ്രുമിയോൻ - സെദറാ - പ്രഭാത നമസ്കാരം
4. മർത്തശ്മൂനി അമ്മയോടുള്ള അപേക്ഷ
5. വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള പ്രാർത്ഥന
6. കുടുംബവിശുദ്ധികരണത്തിനുവേണ്ടിയുള്ള പ്രാർത്ഥന
7. പരീക്ഷകൾക്കുപോകുമ്പോൾ ചൊല്ലുന്ന പ്രാർത്ഥന
8. ശിശുക്കൾക്കുവേണ്ടിയുള്ള പ്രാർത്ഥന
9. പാപികളുടെ (ദുശീലത്തിന് അടിമപ്പെട്ടുപോയവരുടെ ) മാനസാന്തരത്തിന് വേണ്ടിയുള്ള പ്രാർത്ഥന
10. ദമ്പതികളുടെ പ്രാർത്ഥന
11. രോഗികളുടെ പ്രാർത്ഥന
12. മക്കൾ ലഭിക്കപ്പെടുവാനുള്ള പ്രാർത്ഥന
13. ഗർഭിണികളുടെ പ്രാർത്ഥന
14. കുഞ്ഞുങ്ങളുടെ രോഗവിമുക്തിക്കായുള്ള പ്രാർത്ഥന
15 ക്ഷമയുടെ പ്രാർത്ഥന
16. സാമ്പത്തികക്ലേശം നീങ്ങിപ്പോകുന്നതിനുള്ള പ്രാർത്ഥന
17. പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന
18. പൈശാചിക ശക്തിയിൽ നിന്നും വിജയം നേടുന്നതിനുള്ള പ്രാർത്ഥന
19. മദ്ധ്യസ്ഥ ഗാനങ്ങൾ
20. പെരുമ്പള്ളി തിരുമേനി രചിച്ച മദ്ധ്യസ്ഥപ്രാർത്ഥന
21. അപേക്ഷകളും, പ്രാർത്ഥനകളും

# അമ്മയുടെ ജീവചരിത്രം

യേശുക്രിസ്തുവിന് ഏതാണ്ട് ഒന്നരനൂറ്റാണ്ടു മുൻപ് ജീവിച്ചിരുന്ന ഒരു വിശുദ്ധയാണ് മർത്തശ്മൂനി. സത്യ ഏകദൈവത്തിലുള്ള വിശ്വാസം നിലനിർത്തുവാൻ സഹദാ മരണം പ്രാപിച്ച വി. ശ്മൂനി മാതാവിന്റെയും അവളുടെ ഏഴുമക്കളുടെയും ഗുരുവിന്റെയും ചരിത്രം മനസ്സലിയിക്കുന്നതാണ്.

2 മക്കാബി 7-ാം അദ്ധ്യായത്തിലാണ് മർത്തശ്മൂനിയുടെയും മക്കളുടെയും ധീരചരിത്രം വർണ്ണിക്കുന്നത്. എന്നാൽ അതിലേയ്ക്കു പ്രവേശിക്കും മുമ്പ് മക്കാബിയരുടെ ചരിത്രത്തിന്റെ പശ്ചാത്തലം മനസ്സിലാക്കേണ്ടത് അനിവാര്യമാണ്.

ബി.സി. 4-ാം നൂറ്റാണ്ടോടെ യഹൂദജനത ഗ്രീക്ക് സ്വാധീനത്തിൻ കീഴിൽ വന്നു കഴിഞ്ഞിരുന്നു. ബി.സി. 323-ൽ മഹാനായ അലക്സാണ്ടർ ചക്രവർത്തി മരിക്കുന്നതിനു മുൻപുതന്നെ പലസ്തീൻ ഉൾപ്പെടുന്ന വിസ്തൃതമായ ഭൂഭാഗം യവനന്മാർ കീഴടക്കിയിരുന്നു. ശമര്യക്കാർ അലക്സാണ്ടർ ചക്രവർത്തിയുമായി നല്ല ബന്ധങ്ങൾ സ്ഥാപിച്ചിരുന്നു. ഗിരിസിം മലയിൽ, ശമര്യരുടെ ദേവാലയം പണിയുന്നതിനുപോലും അലക്സാണ്ടർ സഹായിച്ചിരുന്നതായി അഭ്യൂഹങ്ങളുണ്ട്. ചക്രവർത്തിയുടെ മരണശേഷം അദ്ദേഹത്തിന്റെ വിസ്തൃതമായ സാമ്രാജ്യം നാലായി വിഭജിക്കപ്പെട്ടു. അവയിൽ ടോൾമിയുടെ നേതൃത്വത്തിലുള്ള ഈജിപ്ഷ്യൻ സാമ്രാജ്യവും സെലൂക്യസിന്റെ നേതൃത്വത്തിൽ സ്ഥാപിതമായ ഏഷ്യൻ ഭാഗവും ഇസ്രയേൽ ചരിത്രവുമായി ബന്ധപ്പെട്ടു കിടക്കുന്നു. ഈ രണ്ടു വിഭാഗങ്ങളും പരസ്പര വൈരാഗ്യം പുലർത്തിയിരുന്നു. ബി.സി. 300 മുതൽ 200 വരെ യഹൂദന്മാർ ടോൾമി വംശത്തിന്റെ കീഴിലായിരുന്നു. യഹൂദമതത്തിന് ഈ കാലഘട്ടത്തിൽ സാരമായ പോറൽ ഏറ്റില്ല. മഹാപുരോഹിതന്റെ കീഴിൽ മതാചാരങ്ങൾക്കു കോട്ടം തട്ടാതെ തുടർന്നുകൊണ്ടിരുന്നു. എങ്കിലും യവനചിന്താഗതി യഹൂദമണ്ണിൽ വേരു പിടിക്കുവാൻ തുടങ്ങിയിരുന്നു. പലരും ഗ്രീക്ക് സംസ്കാരത്തിന്റെ ഔന്നത്യം തിരിച്ചറിയുവാനും, യഹൂദമതം ഉപേക്ഷിച്ച് സ്വയം യവനന്മാർ എന്ന് പരസ്യമായി പ്രഖ്യാപിക്കുവാനും തുടങ്ങിയിരുന്നു. യഹൂദ ആചാരങ്ങൾ അർത്ഥ ശൂന്യങ്ങളാണെന്ന് പ്രഖ്യാപിക്കുന്നവരും ഉണ്ടായിരുന്നു.

ബി. സി. 200–ഓടെ ടോൾമി രാജവംശം സെലൂസിഡ് രാജവംശത്തിന് കീഴടങ്ങി. പുതിയ രാജവംശവും ആദ്യകാലങ്ങളിൽ യഹൂദന്മാരോട് മാന്യമായിത്തന്നെ പെരുമാറി. എന്നാൽ ബി.സി. 175ൽ അന്ത്യോഖ്യസ് എപ്പിഫാനിയോസ് അധികാരത്തിൽ വന്നതോടെ കാര്യങ്ങൾ എല്ലാം വത്യാസപ്പെടുവാൻ തുടങ്ങി. യവന സംസ്കാരത്തിന്റെ മേന്മയെക്കുറിച്ച് ബോധവാനായിരുന്ന ഈ രാജാവ്, സ്വന്ത സംസ്കാരം എല്ലാവരുടെമേലും അടിച്ചേല്പിക്കുവാൻ ആരംഭിച്ചു. എതിർക്കുന്നവരോട് അശേഷം കരുണ കാണിക്കാത്തവനായിരുന്ന അന്ത്യോഖ്യസ് നാലാമൻ, അതിക്രൂരമായിത്തന്നെ യഹൂദന്മാരോട് പെരുമാറി. തന്റെ ആശയങ്ങൾ പ്രചരിപ്പിക്കുന്നവർക്ക് തന്നിഷ്ടംപോലെ രാജാവ് മഹാപുരോഹിതസ്ഥാനം മാറി മാറി നൽകി. ബി. സി. 169ൽ അദ്ദേഹം യരുശലേം ദേവാലയത്തിൽ പ്രവേശിച്ച് അതിനെ കൊള്ളയടിച്ചു. മഹാപുരോഹിതനല്ലാതെ മറ്റാർക്കും പ്രവേശിക്കുവാൻ അധികാരമില്ലാത്ത ദേവാലയത്തിന്റെ അതിവിശുദ്ധ സ്ഥലത്ത് പ്രവേശിച്ച്, യഹോവയുടെ ഇരിപ്പിടത്തെ അശുദ്ധമാക്കി. നികൃഷ്ടമൃഗമായി യഹൂദന്മാർ കണക്കാക്കുന്ന പന്നിയെ യരുശലേം ദേവാലയത്തിന്റെ മുഖ്യ ബലിപീഠത്തിന്മേൽ ബലികഴിച്ചു. പരിഛേദനയടക്കം, യഹൂദ ആചാരങ്ങളെല്ലാം നിയമവിരുദ്ധമായി പ്രഖ്യാപിച്ചുകൊണ്ട് മൃഗീയമായ പീഢനങ്ങൾ അഴിച്ചുവിടുകയാണ് അന്ത്യോഖ്യസ് ചെയ്തത്. അന്യ ദേവന്മാരുടെ ബലിപീഠങ്ങൾ നഗരങ്ങളിൽ പണിത് അവയ്ക്ക് ബലി നൽകുവാൻ എല്ലാവരെയും നിർബന്ധിച്ചു. എതിർത്തവർക്കെല്ലാം മരണം തന്നെയായിരുന്നു ശിക്ഷ. യഹോവയാം ദൈവത്തിലുള്ള തങ്ങളുടെ വിശ്വാസത്തെ മുറുകെ പിടിച്ചുകൊണ്ട് വീരമരണം പ്രാപിച്ച സഹദേന്മാർ അനവധിയായിരുന്നു. അന്ത്യോഖ്യസ് എപ്പിഫാനിയസിന്റെ പീഢനങ്ങളുടെയും, അതിനെതിരെ യഹൂദജനത ഉയർത്തിയ വെല്ലുവിളികളുടെയും ചരിത്രമാണ് മക്കാബി–2 പുസ്തകങ്ങളിൽ വിവരിച്ചിരിക്കുന്നത്.

പുരോഹിതകുടുംബമായ മക്കാബിയ കുടുംബത്തിൽ നിന്നാണ് ചെറുത്തു നിൽപ്പിനുള്ള ആഹ്വാനം ആദ്യം വരുന്നത്. ധീരനായിരുന്ന മത്തിയാസ് മക്കാബിയസ് 166–ൽ മരിച്ചപ്പോൾ അദ്ദേഹത്തിന്റെ മകൻ ജൂഡാസ് മക്കാബിയസ് നേതൃത്വം ഏറ്റെടുത്തു. 164–ൽ അവർ ദേവാലയം തിരികെപ്പിടിച്ച് അതിനെ ശുദ്ധീകരിച്ചു. അതിന്റെ ഓർമ്മയ്ക്കാണ് “ഹനൂക്ക” പെരുന്നാൾ ആചരിക്കുന്നത്. അധികം താമസിയാതെ അന്ത്യോഖ്യസ് രാജാവ് മരിച്ചു. പുതിയ ഭരണാധിപന്റെ കീഴിൽ യഹൂദന്മാർക്ക് മതസ്വാതന്ത്ര്യം

ഏതാണ്ടൊക്കെ തിരികെ കിട്ടിയെന്നു പറയാം. എന്നാൽ പൂർണ്ണ സ്വാത ന്ത്ര്യത്തിനായി വീണ്ടും ദീർഘകാലം പൊരുതേണ്ടി വന്നു.

അന്ത്യോഖ്യസ് IV എപ്പിഫാനിയോസിന്റെ പീഢയുടെ കാലത്താണ് ശ്മൂനിയും അവളുടെ ഏഴുമക്കളും, ഏലിയാസറും വീരമരണം പ്രാപി ക്കുന്നത്. ബി.സി. 164-ലാണ് ഇതു സംഭവിച്ചത് എന്ന് വിശ്വസിക്കപ്പെടു ന്നു. വൃദ്ധനും, വേദശാസ്ത്രനിപുണനുമായിരുന്ന ഏലിയാസറിന്റെ വീര മരണം അനേകം യുവാക്കളെ സ്ഥിരചിത്തരാക്കുകയും പീഢയേൽക്കാൻ അവർക്ക് ധൈര്യം നൽകുകയും ചെയ്തു.

ഏലിയാസാർ പിടിക്കപ്പെട്ടപ്പോൾ, ഇനി കർത്താവിന്റെ കല്പനകൾ ആചരിക്കരുതെന്നും, പന്നിമാംസം ഭക്ഷിക്കണമെന്നും രാജാവ് ആവശ്യ പ്പെട്ടു. രാജകല്പനയെ ധിക്കരിക്കുന്ന പക്ഷം കഠിന പീഢനങ്ങൾക്ക് ഇര യാകേണ്ടി വരുമെന്ന് പറഞ്ഞിട്ടും വൃദ്ധൻ കൂട്ടാക്കിയില്ല. സകലത്തിന്റെയും സൃഷ്ടാവായ ദൈവത്തെ തള്ളിപ്പറയുവാനും വിഗ്രഹങ്ങളെ ആരാധിക്കു വാനും, അശുദ്ധ ഭക്ഷണങ്ങൾ രുചിക്കുവാനും തനിക്കാവില്ലെന്ന് ഏലിയാ സർ തറപ്പിച്ചു പറഞ്ഞു. ഉടൻ അവന്റെ വസ്ത്രങ്ങൾ ഉരിഞ്ഞ് അടികളാൽ അവനെ തളർത്തിയ ശേഷം വലിച്ചിഴച്ച് തീയിലിട്ട് ദഹിപ്പിച്ചുകളഞ്ഞു.

അതിനുശേഷമാണ് ശ്മൂനിയേയും, ഒരു കിരീടംപോലെ അവളെ ചുറ്റി നിന്നിരുന്ന ഏഴു മക്കളേയും രാജസന്നിധിയിൽ ഹാജരാക്കുന്നത്. രാജക ല്പന അനുസരിക്കാതെ സ്വന്ത ജീവൻ നശിപ്പിച്ച ആ വൃദ്ധനെപ്പോലെ ആകാതെ പന്നി മാംസം ഭക്ഷിച്ച് രാജാവിന്റെ പ്രീതി സമ്പാദിക്കുന്നതാണ് ഉചിതമെന്ന് രാജഭൃത്യന്മാർ അവരെ ഉപദേശിച്ചു. രാജകല്പന അനുസ രിക്കുന്ന പക്ഷം രാജാവിനൊപ്പം മേശക്കിരിക്കുന്നതിനും ബഹുമാനിക്ക പ്പെടുന്നതിനുമുള്ള അവകാശം അവർക്ക് വാഗ്ദാനം ചെയ്തിരുന്നു. എങ്കിലും സത്യദൈവത്തിലുള്ള വിശ്വാസമാണ് അതിലെല്ലാം ഉപരിയായി അവരെ വശീകരിച്ചത്. സർവ്വവിധ പീഢന ആയുധങ്ങളും തങ്ങളുടെ നേരേ പ്രയോഗിച്ചാലും മോശയുടെ ന്യായപ്രമാണത്തിലെ ഒരു വാക്കുപോലും ലംഘിക്കുവാൻ തങ്ങൾ തയ്യാറല്ല എന്ന് അവർ ഏകശബ്ദത്തിൽ മറുപടി നൽകി. വൃദ്ധനും ബലഹീനനുമായ തങ്ങളുടെ ഗുരു ഏലിയാസർ പീഢ നങ്ങൾ സഹിച്ചു എങ്കിൽ യുവാക്കളായ തങ്ങൾ നിഷ്പ്രയാസം അവയെ സഹിക്കുമെന്ന് അവർ പറഞ്ഞു. സ്വന്തം മക്കൾ ഓരോരുത്തരായി മരി ക്കുന്നതു കണ്ടു. അവരുടെ അമ്മ അവർക്ക് ആദ്യന്തം ധൈര്യം പകർന്നു കൊണ്ടിരുന്നു.

ശ്മൂനിയും മക്കളും സഹിക്കേണ്ടിവന്ന പീഢനങ്ങളുടെ വിശ്ദാംശം മക്കാബിയരുടെ രണ്ടാം പുസ്തകം 7-ാം അദ്ധ്യായത്തിൽ വിവരിക്കുന്നുണ്ട്. ഈ പുസ്തകത്തിന്റെ മലയാളം പരിഭാഷ എല്ലാ വേദപുസ്തകത്തിലും ലഭ്യമല്ലാത്തതിനാൽ പ്രസക്തഭാഗങ്ങൾതാഴെ ചേർക്കുന്നു.

ഒരിക്കൽ ഏഴു സഹദേന്മാരും അവരുടെ മാതാവും ബന്ധിക്കപ്പെട്ടു ചാട്ടകൊണ്ടും ചമ്മട്ടികൊണ്ടും മർദ്ദിച്ച് രാജാവ് അവരെ നിഷിദ്ധമായ പന്നിമാംസം തിന്നാൻ നിർബന്ധിച്ചു. അവരിലൊരുവൻ, അവരുടെ വക്താവായി ഇങ്ങനെ പറഞ്ഞു "നീ ഞങ്ങളോടു ചോദിച്ചറിയൻ ഉദ്ദേശിക്കുന്നതെന്ത്? ഞങ്ങളുടെ പിതാക്കന്മാരുടെ നിയമങ്ങളെ മറികടക്കുന്നതിനേക്കാൾ മരിക്കാനാണ് ഞങ്ങൾക്ക് ഇഷ്ടം.

രാജാവ് രോഷാകുലനായി വറചട്ടികളും കുട്ടകങ്ങളും ചൂടാക്കാൻ കല്പനയിട്ടു. അവയൊക്കെ പെട്ടെന്ന് ചുട്ടുപഴുപ്പിച്ചു. സഹദേന്മാരും മാതാവും നോക്കിനിൽക്കേ അവർക്കുവേണ്ടി സംസാരിച്ചവന്റെ നാക്ക് അറുത്തുകളയാനും ശിരസ്സിലെ തൊലി ഉരിയാനും കൈകാലുകൾവെട്ടി മാറ്റാനും രാജാവ് കൽപിച്ചു. അയാൾ തീർത്തും അവശനായപ്പോൾ, അയാളെ ജീവനോടെ വറക്കാൻ രാജാവു കൽപിച്ചു. വറചട്ടിയിൽനിന്നു പുക പരന്നു. എന്നിരുന്നാലും ആ സഹോദരന്മാരും മാതാവും വീരമരണമടയാൻ പരസ്പരം പ്രോത്സാഹിപ്പിച്ചു. അവർ പറഞ്ഞു 'കർത്താവായ ദൈവം നമ്മെ കടാക്ഷിക്കുന്നു. സ്വന്തം ജനങ്ങൾക്കെതിരെ സാക്ഷ്യം വഹിച്ചുകൊണ്ട് അവരുടെ മുമ്പാകെ "അവന്നു തന്റെ ദാസരിൽ കരുണയുണ്ട് എന്നു മോശെ തന്റെ ഗീതത്തിൽ പ്രഖ്യാപിച്ചതുപോലെ സത്യത്തിൽ അവൻ നമ്മോടു കൂടെയുണ്ട്.

ഒന്നാമത്തെ സഹോദരൻ ഇങ്ങനെ മരിച്ചപ്പോൾ രണ്ടാമനെ ക്രൂരവിനോദത്തിനായി കൊണ്ടുവന്നു. അയാളുടെ ശിരസ്സിലെ തോല് തലമുടിയോടുകൂടെ ഉരിഞ്ഞെടുത്തിട്ട് അവർ ചോദിച്ചു 'നീ ഭക്ഷിക്കുമോ, അതോ നിന്റെ ശരീരം അംഗപ്രത്യംഗം ശിക്ഷിക്കപ്പെടണമോ? ' അയാൾ തന്റെ പിതാക്കന്മാരുടെ ഭാഷയിൽ അവരോടു പറഞ്ഞു 'ഇല്ല'. അങ്ങനെ അയാളും ആദ്യ സഹോദരനെപ്പോലെ പീഢകൾ സഹിച്ചു. അന്ത്യശ്വാസം വലിക്കുമ്പോൾ അയാൾ പറഞ്ഞു : 'ശപിക്കപ്പെട്ട നീചാ, നീ ഞങ്ങളെ ഈ ജീവിതത്തിൽനിന്ന് പുറന്തള്ളുന്നു. എന്നാൽ പ്രപഞ്ചത്തിന്റെ രാജാവു ഞങ്ങളെ നിത്യജീവിതത്തിലേയ്ക്ക് ഉയിർപ്പിക്കും. കാരണം ഞങ്ങൾ അവന്റെ നിയമങ്ങളെച്ചൊല്ലിയാണു മരണം വരിക്കുന്നത്".

അയാളെത്തുടർന്ന് മൂന്നാമൻ അവരുടെ ക്രൂരവിനോദത്തിനു വിധേയനായി. ആജ്ഞാനുസരണം അയാൾ പെട്ടെന്നുതന്നെ തന്റെ നാവു നീട്ടി, ധൈര്യപൂർവ്വം കൈകൾ നിവർത്തുപിടിച്ചു. അയാൾ വീരോചിതമായി പറഞ്ഞു 'എനിക്ക് ഇവ സ്വർഗ്ഗത്തിൽനിന്ന് ലഭിച്ചു. അവന്റെ നിയമങ്ങൾക്കായി ഞാൻ ഇവ ത്യജിക്കുന്നു. അവനിൽനിന്ന് ഇവ തിരികെ കിട്ടുമെന്നു ഞാൻ പ്രത്യാശിക്കയും ചെയ്യുന്നു. രാജാവും അയാളോടൊത്തുണ്ടായിരുന്നവരും ഈ ചെറുപ്പക്കാരന്റെ ആത്മധൈര്യത്തിൽ അത്ഭുതപ്പെട്ടു. കാരണം, ആ ചെറുപ്പക്കാരൻ തന്റെ പീഢകളെ ഒട്ടും ഗൗനിച്ചതേയില്ല.

അയാൾ മരിച്ചപ്പോൾനാലാമനേയും അവർ അതേതരത്തിൽ ക്രൂരമായി പീഢിപ്പിച്ചു. മരണാസന്നനായപ്പോൾ അയാൾ പറഞ്ഞു 'ദൈവം തന്നെ പുനർജീവിപ്പിക്കുമെന്നു പ്രത്യാശയുള്ളവനു മനുഷ്യകരങ്ങളാൽ മരിക്കുന്നതിലെന്ത്? നിങ്ങൾക്കാവട്ടെ, ജീവനിലേക്കുള്ള പുനരുദ്ധാനം ഇല്ല'.

അനന്തരം അവർ അഞ്ചാമനെ കൊണ്ടുവന്നു പീഢിപ്പിച്ചു. അയാൾ രാജാവിനെ നോക്കി പറഞ്ഞു : 'മരണമുള്ളവനാണു നീ. എങ്കിലും മനുഷ്യരുടെമേൽ അധികാരമുള്ളതിനാൽ നീ ഇഷ്ടമുള്ളതു പ്രവർത്തിക്കുന്നു. എന്നാൽ, ദൈവം ഞങ്ങളുടെ ജനത്തെ കൈവിട്ടിരിക്കുന്നു എന്നു കരുതരുത്. നിന്റെ നടപടികൾ തുടർന്നുകൊള്ളുക. എന്നിട്ട് അവന്റെ മഹാശക്തി നിന്നെയും നിന്റെ പിൻഗാമികളെയും പീഢിപ്പിക്കുന്നത് എങ്ങനെയെന്ന് നീ അറിഞ്ഞുകൊള്ളുക'.

പിന്നീട് അവർ ആറാമനെ കൊണ്ടുവന്നു. മരിക്കാറായപ്പോൾ അയാൾ പറഞ്ഞു : 'നീ വെറുതെ വഞ്ചിതനാകരുത്. ഞങ്ങളുടെ ദൈവത്തിന് എതിരെ ഞങ്ങൾ ചെയ്ത പാപങ്ങൾ നിമിത്തം ഞങ്ങൾ ഈ പീഢകൾ അനുഭവിക്കുന്നു. തന്മൂലം, ഈ അമ്പരപ്പിക്കുന്ന കാര്യങ്ങൾ സംഭവിച്ചു. എന്നാൽ, നീ ശിക്ഷിക്കപ്പെടാതെ പോകുമെന്നു വിചാരിക്കേണ്ട. ദൈവത്തിന്നെതിരായാണല്ലോ നീ പോരാടാൻ ശ്രമിക്കുന്നത്.'

ആ മാതാവ് പ്രത്യേക ആദരവും ബഹുമാന്യസ്മരണയും അർഹിക്കുന്നു. തന്റെ ഏഴു പുത്രന്മാരും ഒരൊറ്റ ദിവസം വധിക്കപ്പെടുന്നതു കണ്ടിട്ടും, കർത്താവിലുള്ള പ്രത്യാശയാൽ അവൾ അതു സധൈര്യം സഹിച്ചു. അവരുടെ പിതാക്കന്മാരുടെ ഭാഷയിൽ അവരിൽ ഓരോരുത്തരേയും അവൾ പ്രോത്സാഹിപ്പിച്ചു. ചൈതന്യത്താൽ നിറഞ്ഞവളായി, അവൾ തന്റെ സ്ത്രൈണഭാവത്തെ പുരുഷോചിതമായ ധൈര്യംകൊണ്ട് നേരിട്ടു.

മക്കളോട് അവൾ പറഞ്ഞു : 'നിങ്ങൾ എന്റെ ഉദരത്തിൽ എങ്ങനെ ഉരുവായി എന്ന് എനിക്ക് അറിഞ്ഞുകൂടാ. നിങ്ങൾക്ക് ജീവനും ജീവശ്വാസവും നല്കിയതു ഞാനല്ല. നിങ്ങൾ ഓരോരുത്തരിലേയും അവയവങ്ങളെ ക്രമീകരിച്ചതും ഞാനല്ല. ആയതിനാൽ, മനുഷ്യന്റെ ആരംഭത്തെ രൂപപ്പെടുത്തിയവനും സർവ്വ വസ്തുക്കളുടെയും ഉത്ഭവത്തെ നിർണയിച്ചവനുമായ ലോകസൃഷ്ടാവ് അവന്റെ കാരുണ്യത്താൽ നിങ്ങൾക്കു ജീവനും ജീവശ്വാസവും വീണ്ടും വീണ്ടും തരും. നിങ്ങൾ അവന്റെ നിയമങ്ങൾക്കുവേണ്ടിയാണല്ലോ നിങ്ങളെത്തന്നെ മറക്കുന്നത്'.

താൻ അവജ്ഞപാത്രമാകുന്നതായി അന്തിയോക്കസിനു തോന്നി. അവളുടെ സ്വരത്തിൽനിന്ന് അയാൾക്ക് ഈ ശങ്ക ഉണ്ടായി. ഏറ്റം ഇളയ സഹോദരൻ ജീവനോടെ ശേഷിച്ചിരുന്നു. അന്തിയോക്കസ് അയാളെ ഉപദേശിക്കുക മാത്രമല്ല, സ്വപിതാക്കന്മാരുടെ മാർഗങ്ങളിൽ നിന്നു പിന്തിരിഞ്ഞാൽ അയളെ സമ്പന്നനും സമാദാരണീയനുമാക്കാമെന്ന് പ്രതിജ്ഞാപൂർവ്വം വാഗ്ദാനം നൽകുകയും ചെയ്തു. അയാളെ തന്റെ സ്നേഹിതനാക്കാമെന്നും പൊതുകാര്യങ്ങളിൽ അധികാരപ്പെടുത്താമെന്നും വാഗ്ദാനം ചെയ്തു. ആ ചെറുപ്പക്കാരനാകട്ടെ രാജാവിനെ ചെവിക്കൊണ്ടതുപോലുമില്ല. അതുകൊണ്ട് രാജാവ് ആ മാതാവിനെ അടുത്തുവിളിച്ച് സ്വയം രക്ഷപെടാൻ അയാളെ ഉപദേശിക്കുന്നതിന് ആവശ്യപ്പെട്ടു. രാജാവിന്റെ പക്ഷത്തുനിന്ന് നിർബന്ധമുണ്ടായപ്പോൾ അവൾ പുത്രനെ പ്രേരിപ്പിക്കാമെന്ന് സമ്മതിച്ചു. എന്നാൽ, ക്രൂരനായ ആ സ്വേച്ഛാധിപതിയെ പരിഹസിച്ചുകണ്ട് ആ സ്ത്രീ പുത്രന്റെ അടുക്കലേയ്ക്ക് ചേർന്നുനിന്നുഅവരുടെ ഭാഷയിൽ പറഞ്ഞു : 'എന്റെ മകനേ, എന്നിൽ ദയ കാട്ടുക. ഞാൻ നിന്നെ ഒമ്പതുമാസം ഉദരത്തിൽ വഹിച്ചു. മൂന്നു വത്സരക്കാലം നിന്നെ മുലയൂട്ടി വളർത്തി. നിന്നെ പോറ്റിവളർത്തി ഈ ജീവിതാവസ്ഥവരെ എത്തിച്ചു. നിന്നിൽ ഞാൻ ശ്രദ്ധവച്ചു. എന്റെ കുഞ്ഞേ, ഞാൻ നിന്നോടു യാചിക്കുന്നു. നീ ആകാശത്തെയും ഭൂമിയേയും അവയിലുള്ള എല്ലാറ്റിനെയും നോക്കിക്കാണുക. ഉണ്ടായിരുന്നവയിൽ നിന്നല്ല ദൈവം അവയോക്കെ സൃഷ്ടിച്ചതെന്നു നീ മനസ്സിലാക്കുക. അപ്രകാരം തന്നെയാണു മനുഷ്യരാശിയും ഉദ്ഭവിച്ചത്. ഈ കൊലയാളിയെ നീ ഭയപ്പെടേണ്ട. സഹോദരന്മാർക്കു തുല്യനാണെന്നു നീ തെളിയിക്കുക. മരണത്തെ സ്വീകരിക്കുക. അങ്ങനെ ദൈവകൃപയാൽ, നിന്റെ സഹോദരന്മാർക്കൊപ്പം നിന്നെയും എനിക്ക് തിരിച്ചുകിട്ടട്ടെ'.

അവൾ സംസാരിച്ചുകൊണ്ടിരിക്കെ, ആ യുവാവ് പറഞ്ഞു 'നിങ്ങൾ എന്തിനു കാത്തിരിക്കുന്നു? ഞാൻ രാജകല്പന അനുസരിക്കയില്ല. മോശെയിലൂടെ ഞങ്ങളുടെ പിതാക്കന്മാർക്ക് നൽകപ്പെട്ട നിയമത്തിന്റെ കല്പനയാണ് ഞാൻ അനുസരിക്കുക. എന്നാൽ എബ്രായർക്കെതിരെ സർവ്വ ദുഷ്ടതകളും പ്രവർത്തിച്ച നീ ദൈവതൃക്കരങ്ങളിൽനിന്നും രക്ഷപെടുകയില്ല. നിശ്ചയം. ഞങ്ങളുടെതന്നെ പാപങ്ങൾ മൂലമാണ് ഞങ്ങൾ പീഡ അനുഭവിക്കുന്നത്. ഞങ്ങളെ ശാസിക്കാനും സുരക്ഷിതരാക്കാനും ഞങ്ങളുടെ ജീവനുള്ള കർത്താവ് അൽപനേരത്തേയ്ക്ക് കോപിച്ചിരിക്കുന്നെങ്കിലും തന്റെ ദാസരായ ഞങ്ങളോട് അവൻ വീണ്ടും രമ്യപ്പെടും. എന്നാൽ, അശുദ്ധനായ നീചാ, എല്ലാ മനുഷ്യരിലും വച്ച് നികൃഷ്ടനായവനേ, വ്യർത്ഥമായി അഹങ്കരിക്കാതിരിക്കൂ. അർത്ഥശൂന്യമായ മോഹങ്ങളാൽ സ്വയം ഞെളിയാതിരിക്കൂ. സ്വർഗ്ഗത്തിന്റെ സന്തതികൾക്കെതിരെ നിന്റെ കൈ ഉയർത്താതിരിക്കൂ. സർവ്വശക്തനും എല്ലാം കാണുന്നവനുമായ ദൈവത്തിന്റെ ന്യായസന്നിധിയിൽനിന്നു നീ ഇനിയും രക്ഷപെട്ടിട്ടില്ല. കാരണം, ഞങ്ങളുടെ സഹോദരന്മാർ ഹ്രസ്വമായ സഹനത്തിനുശേഷം, ദൈവത്തിന്റെ ഉടമ്പടിപ്രകാരം നിത്യം നിറഞ്ഞൊഴുകുന്ന ജീവൻ പാനം ചെയ്തിരിക്കുന്നു. എന്നാൽ നീ, കർത്താവിന്റെ ന്യായവിധിയിൽ, നിന്റെ അഹങ്കാരത്തിനു തക്കശിക്ഷ സ്വീകരിക്കും. ഞാൻ എന്റെ സഹോദരന്മാരെപ്പോലെ, ഞങ്ങളുടെ പിതാക്കന്മാരുടെ നിയമങ്ങളെപ്രതി ശരീരവും ജീവനും വെടിയുന്നു. ഞങ്ങളുടെ ജനതയോട് അതിവേഗം കാരുണ്യം കാട്ടണമെന്നും അവൻ മാത്രമാണ് ദൈവം എന്ന് പീഢകളാലും ബാധകളാലും നിന്നെക്കൊണ്ട് ഏറ്റുപറയിക്കണമെന്നും ഞാൻ പ്രാർത്ഥിക്കുന്നു. ഞങ്ങളുടെ ജനതമുഴുവന്റെയും മേൽ ശക്തമായി നിപതിച്ചിട്ടുള്ള സർവ്വശക്തന്റെ ശിക്ഷയ്ക്കു ഞാനും എന്റെ സഹോദരന്മാരും വഴി അന്ത്യം ഉണ്ടാകട്ടെ. അയാളുടെ വചനങ്ങളാൽ കോപാവേശം ബാധിച്ച രാജാവ് മറ്റുള്ളവരേക്കാൾ ക്രൂരമായി അയാളെ പീഢിപ്പിച്ചു. തന്റെ സർവ്വ പ്രത്യാശയും കർത്താവിൽ അർപ്പിച്ച് കളങ്കസ്പർശമേൽക്കാതെ അയാളും മരിച്ചു. അവസാനം തന്റെ പുത്രന്മാരെ പിന്തുടർന്ന് മാതാവും മരിച്ചു".

മദ്ധ്യപൂർവ്വ ദേശങ്ങളിലും ഭാരതത്തിലും ഈ വിശുദ്ധരുടെ നാമത്തിൽ അനേകം പള്ളികൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. സുപ്രസിദ്ധമായ മൂസലിനു സമീപം "കാരക്കോശ്" എന്ന ഗ്രാമത്തിലുള്ള ദേവാലയം അദ്ഭുതകേന്ദ്രമത്രെ. വിശുദ്ധയുടെ ഓർമ്മ ദിനത്തിൽ പ്രതിവർഷം ഒരു അദ്ഭുതപ്രകാശം വടക്കേ ഭിത്തിയിൽ ഉദയം ചെയ്യുകയും വി. മർത്തശ്മൂനിയും ഏഴു മക്കളും അതിലൂടെ കടന്നുപോവുകയും ചെയ്യുന്ന കാഴ്ച പ്രസിദ്ധമത്രെ.

അങ്കമാലി ഭദ്രാസനത്തിന്റെ കാലം ചെയ്ത ഗീവർഗീസ് മോർ ഗ്രിഗോറിയോസ് തിരുമനസ്സുകൊണ്ട് രചിച്ച "1946- ലെ ശീമയാത്ര" 257-ാം പുറത്തും റവ. ഫാ. ടി. സി. ജേക്കബ് 1965-ൽ എഴുതിയ "എത്യോപ്യൻ സുന്നഹദോസും, വിശുദ്ധനാട് സന്ദർശനവും എന്ന പുസ്തകം 11-ാം പുറത്തും ഇവർ ഈ അദ്ഭുത ദർശനത്തിനു ദൃക്സാക്ഷികളാകുന്നുവെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മലങ്കരയുടെ പ്രകാശഗോപുരമായിരിക്കുന്ന കാലംചെയ്ത ബസ്സേലിയോസ് പൗലോസ് 11-ാമൻ കത്തോലിക്കാ ബാവാ ഈ അദ്ഭുതദർശനം കാണുകയും നിറകണ്ണുകളോടെ തന്റെ മക്കളോട് വിവരിക്കുകയും ചെയ്തത് നമ്മുടെ വിശ്വാസത്തിന്റെ ആഴം വർദ്ധിപ്പിക്കുന്നു.

കേരളത്തിന് അകത്തും പുറത്തും, ഇന്ത്യയ്ക്ക് വെളിയിലുമുള്ള മർത്തശ്മൂനി അമ്മയുടെ നാമത്തിലുള്ള എല്ലാ പള്ളികളും ചരിത്രപ്രസിദ്ധമാണ്. പേരൂർ ആഗോള മർത്തശ്മൂനി തീർത്ഥാടന ദേവാലയം, തിരുവാർപ്പ് മർത്തശ്മൂനി ദേവാലയം തുടങ്ങിയവ ഉദാഹരണങ്ങളാണ്.

ഇന്ത്യയ്ക്ക് വെളിയിൽ മർത്തശ്മൂനി അമ്മയുടെ നാമത്തിൽ പണിഞ്ഞിട്ടുള്ള ദേവാലയങ്ങളിൽ വച്ച് ഏറ്റവും വലിയ ദേവാലയമാണ് ഗാലാ മർത്തശ്മൂനി പള്ളി. വി. അമ്മയുടെ പ്രാർത്ഥനവഴിയായി ചുരുങ്ങിയ നാളുകൾ കൊണ്ടുതന്നെ ഈ ദേവാലയം അനേകരുടെ അത്താണിയായി മാറിയിരിക്കുന്നു.

# II

# സന്ധ്യാനമസ്കാരം ....പ്രുമിയോൻ

പട്ടക്കാരൻ - നാം എല്ലാവരും പ്രാർത്ഥിച്ച് നമ്മുടെ കർത്താവിനോട് ......

ജനം - അനുഗ്രഹിക്കുന്നവനായ കർത്താവേ.....

പട്ടക്കാരൻ - സ്തുതിയും സ്തോത്രവും ....

തന്റെ ആരാധകരെ തന്നോടുചേർക്കുകയും തന്റെ താലന്തുകളാൽ അവരെ നിറയ്ക്കുകയും, വിവിധ ശ്രേണികളിലും, നിരകളിലും, ക്രമങ്ങളിലും അവരെ ഉൾപ്പെടുത്തുകയും തന്റെ പോരാട്ടക്കാർക്ക് സഹനശക്തിയും തന്റെ ആത്മീയർക്ക് ജീവിതവിജയവും, രക്തസാക്ഷികൾക്ക് മഹത്വത്തിന്റെ കിരീടം നൽകുന്നവനും, മർത്തശ്മൂനി അമ്മയേയും, അമ്മയുടെ മക്കളായ ഏഴു പരിശുദ്ധ സഹദേൻ

മാരേയും അവരുടെ ഗുരുനാഥനായ മോർ ഏലിയാ സറിനേയും വിശ്വാസപോരാട്ടത്തിലേയ്ക്ക് നയിക്കുകയും അവരുടെ ഓർമ്മ ദിവസം പരിശുദ്ധസഭയ്ക്ക് പെരുന്നാളായി നൽകുകയും ചെയ്ത അത്യുന്നതനായ കർത്താവിനു സ്തുതി. കണ്ടാലും അവരുടെ പുകഴ്ചയുടെ ഈ ദിവസം സഭ ആദരവോടെ കൊണ്ടാടുന്നു. ...തനിക്ക് ..... ബ്കൂല്ഹൂൻ...

## സെദറാ

തന്റെ ആളത്വത്തിൽ സർവ്വസൃഷ്ടികൾക്കും അധീതനും മാനുഷിക ബോധങ്ങളുടെ വ്യാപാരത്തിൽ നിന്നുയർന്ന് മഹിമയോടെ പുകഴ്ത്തപ്പെടുന്ന അനാതന്ത്യവചനവുമായ ദൈവമേ നിനക്ക് സ്തുതി.

തന്റെ സൃഷ്ടി പാപാന്ധകാരത്തിൽ നിപതിക്കാതെ, പ്രകാശമായ വചനത്തെ നിബിയൻമാരിലൂടെയും, ദീർഘദർശിമാരിലൂടെയും, മുൻപുകൂട്ടി അറിയിക്കുകയും, തന്നിൽ ആശ്രയിക്കുന്നവരെ സ്നേഹാധികൃത്താൽ തന്നോടു ചേർക്കുകയും ചെയ്യുന്ന ദൈവമായ കർത്താവേ! അങ്ങയുടെ ദാസരും പ്രകാശകതിരായ നിന്റെ മണിയറയിൽ മഹത്വത്തോടെ വസിക്കുന്നവരുമായ ഭാഗ്യവതിയായ മർത്തശ്മൂനി അമ്മയുടെയും, അമ്മയുടെ മക്കളായ പരിശുദ്ധ ഏഴു സഹദേൻമാരുടെയും അവരുടെ ഗുരുവായ മോർ ഏലിയാസറിന്റെയും പുണ്യജീവിതത്തെ വർണ്ണിക്കുവാൻ ഞങ്ങൾക്ക് പ്രാപ്തിയില്ല. അവരുടെ ഓർമ്മയുടെ ഈ ദിവസത്തിൽ ഞങ്ങൾ അത്ഭുതസമേതം അവരുടെ ജീവിതത്തെ ആരായുകയും അനുതാപത്തോടെ സ്മരിക്കുകയും ചെയ്യുന്നു. അവർ നിന്നെ കണ്ടിട്ടില്ലെങ്കിലും നിന്നോടുള്ള സ്നേഹത്തിൽ നിലനിൽക്കുകയും കല്പനകളുടെ ആചരണത്തിൽ മാതൃകയാവുകയും ചെയ്തു, ഇടത്തേതിന്റെ ആത്മാവിൽ വ്യാപരിച്ച്, വിഗ്രഹാരാധനയിലൂടെ ദൈവജനത്തെ വഴിതെറ്റിച്ച ദുഷ്ടനായ അന്ത്യോക്കസ് വിഗ്രഹാരാധനയ്ക്കും, ദൈവജനത്തിന് നിഷിദ്ധമായ ആഹാരം കഴിക്കുന്നതിനും അവരെ നിർബന്ധിച്ചു. ന്യായപ്രമാണത്തിൽ നിലനിന്നുകൊണ്ട് ശരീരാത്മദേഹികളെ കാത്തുസൂക്ഷിക്കുവാൻ മാതാവായ മർത്തശ്മൂനി അമ്മ തന്റെ പുത്രന്മാരെ ബലപ്പെടുത്തി. മാനുഷീക വചനങ്ങൾക്ക് വിവരിക്കാൻ സാധ്യമല്ലാത്ത ഘോരമായ പീഢനങ്ങൾ ഏറ്റുകൊണ്ട് ഓരോരു

ത്തരും തിളച്ച എണ്ണയിലേയ്ക്ക് വലിച്ചെറിയപ്പെട്ടു. “എന്റെ മക്കളെ എന്റെ ഉദരത്തിൽ നിങ്ങൾക്ക് ജീവൻ തന്നത് സർവ്വശക്തനായ ദൈവമാണെന്ന് ഉറക്കെ പ്രകീർത്തിച്ചുകൊണ്ട് തന്റെ മക്കളെ രക്തസാക്ഷിത്വമരണത്തിനായി അമ്മ ബലപ്പെടുത്തി...... ഏഴു സഹദേന്മാരുടെ നിര്യാണത്തിനു ശേഷം വിശുദ്ധയായ മർത്തശ്മൂനിയമ്മയും അതിക്രൂരവും ദയനീയവുമായ പീഢയേൽക്കുകയും മരണം വരിക്കുകയും ചെയ്തു. ആകയാൽ ഈ രക്തസാക്ഷികളുടെ പുകഴ്ചയുടെ ഈ പെരുന്നാളിൽ ഞങ്ങൾ ആനന്ദസമേതം അട്ടഹസിച്ചു പറയുന്നു....

തങ്ങളുടെ ജീവിതവിശുദ്ധികൊണ്ടും ത്യാഗംകൊണ്ടും ദൈവത്തെ പ്രസാദിപ്പിച്ച മർത്തശ്മൂനി അമ്മേ, അമ്മ ഭാഗ്യവതിയാകുന്നു... തങ്ങളുടെ ദൈവമായ കർത്താവിൽ വിശ്വസിക്കുകയും മാതാവിന്റെ ദൈവസ്നേഹത്തിൽ അചഞ്ചലമായി നിലനിൽക്കുകയും ചെയ്ത ഏഴു സഹദേന്മാരേ നിങ്ങൾ ഭാഗ്യവാന്മാരാകുന്നു. തന്റെ നാഥന്റെ നിയോഗത്തെ ശിരസ്സാ വഹിക്കുകയും ആചാര്യത്വത്തിനടുത്ത വിശുദ്ധിസൂക്ഷിക്കുകയും, തന്റെ ശിഷ്യഗണത്തെ ന്യായപ്രമാണത്തിലുറപ്പിക്കുകയും ചെയ്ത പുണ്യവാനായ മോർ ഏലിയാസറെ അങ്ങ് ഭാഗ്യവാനാകുന്നു. ദൈവത്തോടുള്ള ഭക്തിയും സ്നേഹവും ത്യാഗത്തിലൂടെ വെളിപ്പെടുത്തിയ നിങ്ങൾ ഭാഗ്യവാന്മാരാകുന്നു.

ആകയാൽ നിങ്ങളുടെ പ്രാർത്ഥനകളാൽ ഞങ്ങളുടെ ജീവിതത്തിൽ സമാധാനം നൽകണമേ; നിങ്ങളുടെ പ്രാർത്ഥനകളാൽ രോഗികൾ സൗഖ്യം പ്രാപിക്കേണമെ., നിങ്ങൾ മുഖാന്തരം ഞങ്ങളുടെ കുടുംബത്തിൽ സമാധാനം നൽകേണമെ... ദുഷ്ക്കാലങ്ങളും ദുഷ്ചിന്തകളും നിങ്ങളുടെ പ്രാർത്ഥനവഴി അടിയങ്ങളിൽ നിന്ന് നീങ്ങിപ്പോകുമാറാകേണമെ... ദൈവമായ കർത്താവേ നിന്റെ വാത്സല്യരക്തസാക്ഷികളുടെ പ്രാർത്ഥനയാൽ അടിയങ്ങളിൽ മനസലിവുകാണിക്കേണമേ....നിന്റെ വിശുദ്ധരുടെ പ്രാർത്ഥനവഴിയായി ഞങ്ങളോടവിടുന്ന് മുഖപ്രസന്നതകാണിക്കേണമേ.... വിശ്വാസികളായ മരിച്ചുപോയവർക്ക് ഊർശ്ലേമ്യഭവനങ്ങളിൽ ആശ്വാസം നൽകുകയും ചെയ്യേണമേ... ഞങ്ങളും അവരും നിനക്കും നിന്റെ ഏകജാതനും നിന്റെ പരിശുദ്ധറൂഹായ്ക്കും സുതിയും സ്തോത്രവും കരേറ്റുകയും ചെയ്യുമാറാകണമെ...ഹോശോ വബ്കൂല......

## എത്രോ

കർത്താവേ ! നിന്റെ വിശുദ്ധന്മാരുടെയും, ശുദ്ധിമതികളുടെയും ഓർമ്മയെ ശ്രേഷ്ഠതപ്പെടുത്തിയവൻ നീ തന്നെ ആകുന്നു. അവരുടെ ഓർമ്മയെ കൊണ്ടാടുന്നവർക്ക് പ്രതിഫലം നിശ്ചയിക്കുന്നവനും അങ്ങു തന്നെ ആകുന്നു. ഭാഗ്യവതിയായ മർത്തശ്മൂനി അമ്മയുടെയും മക്കളായ ഏഴു സഹദേന്മാരുടെയും അവരുടെ ഗുരുനാഥനായ മോർ ഏലിയാസറിന്റെയും ഓർമ്മയുടെ ഈ ദിവസത്തിൽ നിന്റെ പുകഴ്ച്ചയ്ക്കായി ഞങ്ങൾ സമർപ്പിക്കുന്ന ഈ പരിമള ധൂപത്തെ കരുണയോടെ സ്വീകരിക്കണമേ. നിന്റെ ആരാധകരുടെ ശുശ്രൂഷയിൽ പ്രസാദിക്കണമേ. അതുമൂലം നിന്നെ പ്രസവിച്ച മാതാവിനും, നിന്റെ വിശുദ്ധർക്കും പ്രത്യേകാൽ അടിയങ്ങൾ ആരുടെ ഓർമ്മ കൊണ്ടാടുന്നോ ആ ഭാഗ്യവതിയായ മർത്തശ്മൂനി അമ്മയ്ക്കും, അമ്മയുടെ മക്കളായ പരിശുദ്ധ ഏഴു സഹദേന്മാർക്കും അവരുടെ ഗുരുനാഥനായ മോർ ഏലിയാസറിനും നല്ല ഓർമ്മയും, വിശ്വാസികളായ എല്ലാ പരേതർക്കും ആശ്വാസവും നൽകണമേ. ഞങ്ങൾ നിനക്കും, നിന്റെ പിതാവിനും പരിശുദ്ധ റൂഹായ്ക്കും സ്തുതിയും, സ്തോത്രവും സമർപ്പിക്കുന്നു.

മോറൻവാലോഹാൻ....... ആമ്മീൻ

## പ്രഭാതം
## പ്രുമിയോൻ, സെദ്റാ

ആദാമ്യവംശത്തിന് ജീവദായകമായ കല്പനകളും നിയമങ്ങളും രൂപപ്പെടുത്തിക്കൊടുത്തവനും, തന്റെ നിയമപ്രകാരം ചരിക്കുന്നവർക്ക് സഹായിയും, പ്രത്യാശയുടെ കൂടാരമായിരുന്നവനും, സഹദേന്മാരെയും, രക്തസാക്ഷികളേയും, പോരാട്ടക്കാരെയും ശ്രേഷ്ഠരാക്കുന്നവനും, അവിശ്വാസിയായ അന്ത്യോക്കോസ് രാജാവിനും, അവന്റെ അധികാരിക്കും, ഈ ലോകത്തിന്റെ പ്രഭുവിനുമെതിരായി വിശ്വാസപോരാട്ടം ചെയ്ത് ജയം നേടുന്നതിന് മർത്തശ്മൂനി അമ്മയ്ക്കും... അമ്മയുടെ മക്കളായ പരിശുദ്ധ ഏഴുസഹദേന്മാർക്കും, അവരുടെ ഗുരുനാഥനായ മോർ ഏലിയാസറിനും ശക്തിനൽകിയവനും അവരുടെ പെരുന്നാളുകളും പ്രാർത്ഥനയും വിശ്വാസികൾക്ക് സങ്കേതസ്ഥാനമാക്കിത്തീർത്തവനുമായ കർത്താവിന് സ്തുതി....

## സെദറാ

സർവ്വചരാചരങ്ങളുടെയും സ്രഷ്ടാവും സർവ്വലോകരുടെയും നാഥനും മനുഷ്യരേയും മാലാഖമാരെയും സൃഷ്ടി മുഴുവനെയും തന്റെ ദിവ്യ സംസർഗ്ഗത്താൽ ആനന്ദിപ്പിക്കുന്നവനും, ദയാലുവായ പിതാവെന്ന നിലയിൽ തന്റെ ജനത്തിന് പ്രബോധനങ്ങളും, നിയമങ്ങളും നൽകിയ ഞങ്ങളുടെ ദൈവ മായ കർത്താവെ! ഭാഗ്യവതിയായ മർത്തശ്മൂനിയമ്മ നിന്നിൽ പരിപൂർണ്ണ മായി വിശ്വസിക്കുകയും, ഈ ലോകത്തിന്റെ സൗഭാഗ്യങ്ങളും, പ്രതാപവും, ജീവനും നിസ്സാരമായി എണ്ണിക്കൊണ്ട്, നിന്നെ സ്നേഹിച്ച് സ്വർഗ്ഗീയ ആനന്ദം അനുഭവിപ്പാൻ നിശ്ചയിക്കുകയും ചെയ്തു. അതിനാൽ ദുരാത്മാവ് ബാധിച്ചവനും വിഗ്രഹാരാധകനുമായ അന്ത്യോക്യസ് കല്പിച്ചുനിശ്ചയിച്ച വിഗ്രഹവണക്കം അമ്മ നിരസിച്ചു. ന്യായപ്രമാണപ്രകാരം ദൈവജനത്തിന് നിഷിദ്ധമായിരിക്കുന്ന ഭക്ഷണം സ്വീകരിക്കുന്നതിന് അമ്മ വിമുഖത കാണി ച്ചു. സഹജരായവർ ഈ കഷ്ടതയിൽ നിന്ന് ഓടിയൊളിച്ചു. രാജകല്പന നിരസിച്ച മൊർത്ത് ശ്മൂനിയമ്മയും അമ്മയുടെ മക്കളായ പരിശുദ്ധ ഏഴു സഹദേന്മാരും, അവരുടെ ഗുരുനാഥനായ മോർ ഏലിയാസറും പിടിക്ക പ്പെട്ടു. അന്യായക്കാരനായ രാജാവിന്റെ വശീകരണങ്ങൾക്ക് അവർ വിധേ യരായില്ല. ഏകനാഥനും കർത്താവുമായവനിൽ വിശ്വസിച്ച് ഉറച്ചുനിന്ന അവർ അതിദുസ്സഹമായ പീഡകളിലൂടെ കടന്നുപോയി. വാളുകളും, മുറി വുകളും, തിളക്കുന്ന എണ്ണയും വകവയ്ക്കാതെ ദൈവവിശ്വാസത്തിൽ ഉറ ച്ചുകൊണ്ട് സകല കഷ്ടതകളേയും ക്ഷമയോടെ ഏറ്റെടുത്തു. പീഡ കൾക്കോ വാളിനോ അവരുടെ വിശ്വാസതീഷ്ണതയെ ഇല്ലാതാക്കൻ കഴി ഞ്ഞില്ല. അവർ രക്തസാക്ഷികളായി സാക്ഷിമരണം പ്രാപിച്ച് വിശ്വാസി കൾക്ക് നല്ല മാതൃകയും, സങ്കേതവുമായിരിക്കുന്നു.

ആകയാൽ കാരുണ്യവാനായ കർത്താവേ! നിന്റെ രക്തസാക്ഷി കളുടെ പ്രാർത്ഥനയാൽ ഞങ്ങൾക്ക് വിശ്വാസസ്ഥിരതയും സുകൃതജീവി തവും, നന്മയ്ക്കുവേണ്ടിയുള്ള ഉത്സാഹവും നൽകണമേ. സഭയും അതിലെ പ്രജകളും നിന്റെ പരിശുദ്ധരുടെ പ്രർത്ഥനയാൽ സ്വൈര്യമായും ശാന്ത മായും വർത്തിക്കുമാറാകണമേ. മൊർത്ത്ശ്മൂനി അമ്മയുടെ ഓർമ്മയെ ഭക്തിയോടെ കൊണ്ടാടുന്ന എല്ലാ വിശ്വാസികളേയും കാത്തുരക്ഷിക്കണ മേ. ദുഷ്ടന്മാരുടെയും പിശാചുക്കളുടെയും, ഉപദ്രവങ്ങളിൽ നിന്ന് അവരെ

കാത്തുകൊള്ളേണമെ. പരിശുദ്ധ മർത്തശ്മൂനി അമ്മയുടെയും, ഏഴുമക്കളുടേയും പ്രാർത്ഥനയാൽ ഞങ്ങൾക്ക് പാപപരിഹാരം നൽകണമെ. രോഗികളെ സുഖപ്പെടുത്തണമെ, പ്രയാസത്തിൽ ഇരിക്കുന്നവർക്ക് വിമോചനം നൽകണമെ.ലോകത്തിൽ നിന്ന് യുദ്ധവും, വസന്തയും, ക്ഷാമവും, നീക്കിക്കളയേണമെ. ഞങ്ങൾ ഇപ്പോഴും എപ്പോഴും എന്നേയ്ക്കും നിന്നെയും നിന്റെ പിതാവിനേയും, വിശുദ്ധറൂഹായേയും മഹത്വപ്പെടുത്തുമാറാകണമെ. ഹോശോ.....

## 4. **പരിശുദ്ധ മർത്തശ്മൂനി അമ്മയോടുള്ള അപേക്ഷ**

ശുദ്ധിമതിയായ മർത്തശ്മൂനി അമ്മേ, അമ്മയ്ക്ക് ഭാഗ്യം., പൂർവ്വപിതാക്കന്മാരിലൂടെ നൽകപ്പെട്ട ദൈവിക കല്പനകൾ പാലിച്ചതിനാൽ അമ്മ ഭാഗ്യവതിയാകുന്നു. റൂഹായുടെ നൽവരമായ ക്ഷമയും, സഹനവും, ദൈവസ്നേഹവും അമ്മയിലൂടെ വെളിപ്പെട്ടതിനാൽ അമ്മ ഭാഗ്യവതിയാകുന്നു. കഷ്ടതകളിലും മനസ്സുപതറാതെ സർവ്വശക്തന്റെ വചനത്തെ പാലിച്ചതിനാൽ അമ്മ ഭാഗ്യവതിയാകുന്നു. ലോകമോഹങ്ങളിലും, പൈശാചിക വഴികളിലും കടന്നുപോകാതെ തന്റെ മക്കളെ ദൈവീക ജ്ഞാനമുള്ളവരാക്കി വളർത്തിയതിനാൽ അമ്മ ഭാഗ്യവതിയാകുന്നു. ഭാഗ്യവതിയായ മൊർത്ത്ശ്മൂനി അമ്മേ ഇപ്പോൾ ഞങ്ങൾക്കുവേണ്ടി അമ്മ പ്രാർത്ഥിക്കണമേ. അമ്മയുടെ പ്രാർത്ഥനമുഖാന്തമായി ഞങ്ങളുടെ ഭവനങ്ങളിൽ ശാന്തതവാഴേണമേ. സഹനങ്ങളിൽ ദൈവാശ്രയത്തോടെ പിടിച്ചുനിൽക്കുവാൻ ഞങ്ങൾക്ക് ഇടയാകേണമെ. ദുഷ്ടന്റെ തന്ത്രങ്ങളിൽ നിന്നും, മാനുഷികവും, പൈശാചികവുമായ ഉപദ്രവങ്ങളിൽ നിന്നും രക്ഷ നേടുവാൻ ഞങ്ങൾക്കുവേണ്ടി അമ്മ പ്രാർത്ഥിക്കേണമേ. പ്രത്യേകിച്ച് (ആവശ്യം സ്മരിക്കുക) അമ്മ ദൈവതിരുമുമ്പിൽ അപേക്ഷിക്കേണമേ... ദൈവമായ കർത്താവേ ഞങ്ങൾ അയോഗ്യരും പാപികളും ആകുന്നുവെങ്കിലും അങ്ങയുടെ തിരുമുമ്പാകെ വിശുദ്ധിയോടെ ജീവിച്ച്, നിനക്കുവേണ്ടി പീഢകളേറ്റുമരിച്ച മർത്തശ്മൂനി അമ്മയുടേയും അമ്മയുടെ മക്കളായ ഏഴു സഹദേൻമാരുടേയും പ്രാർത്ഥനയാൽ അടിയങ്ങളോടു മനസ്സലിയണമേ...

* ഭാഗ്യവതിയായ മർത്തശ്മൂനിഅമ്മേ.......
  ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ.
* ത്യാഗത്തിന്റെ മാതൃകയായ ശ്മൂനിമാതാവേ....................
  ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ.
* വിശ്വാസികളുടെ ആശ്രയമായ മാതാവേ....................
  ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ.
* കുടുംബങ്ങളുടെ സങ്കേതമായ മാതാവേ....................
  ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ.

## 5. വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള പ്രാർത്ഥന

പരിശുദ്ധയായ മർത്തശ്മൂനിയമ്മേ പഠിക്കുന്ന കുഞ്ഞുങ്ങൾക്കായി അമ്മ പ്രാർത്ഥിക്കണമേ. ...തന്റെ മക്കളെ സ്നേഹിക്കുകയും ന്യായപ്രമാണം അവരെ തെറ്റുകൂടാതെ പഠിപ്പിക്കുകയും ഈ ലോകത്തിൽ അവരെ നിർമ്മലതയോടുകൂടെ വളർത്തുകയും ചെയ്ത മർത്തശ്മൂനിയമ്മേ .... ഞങ്ങളുടെ മക്കളെ അമ്മയുടെ മക്കളാകുന്ന ഏഴുസഹദേന്മാരോടുകൂടെ ചേർത്ത് നിർത്തണമേ.......വിദ്യാർത്ഥികളുടെ ബുദ്ധിയെക്കെടുത്തുന്ന എല്ലാ ആസക്തികളേയും, ചിന്തകളേയും, വിചാരവികാരങ്ങളേയും നിയന്ത്രിച്ച് മനസ്സിനെയും, ബുദ്ധിയേയും പരിശുദ്ധാത്മാവ് വഴിനടത്തേണ്ടതിന് അമ്മ പ്രാർത്ഥിക്കേണമേ......മാതാപിതാക്കന്മാരേയും, ഗുരുക്കന്മാരെയും സ്നേഹിക്കുവാനും അനുസരിക്കുവാനും, ബോധജ്ഞാനത്തിന്റെയും അറിവിന്റെയും ഉറവിടമാകുന്ന ദൈവത്തിൽ തങ്ങളെത്തന്നെ സമർപ്പിച്ച് വിശുദ്ധിയുള്ളവരായി ഞങ്ങളുടെ മക്കൾ വളർത്തപ്പെടുന്നതിനും അമ്മ പ്രത്യേകമായി ദൈവതിരുസന്നിധിയിൽ അപേക്ഷിക്കേണമേ.........പരിശുദ്ധാത്മകൃപയാൽ നേരായബുദ്ധി, ഓർമ്മ, അറിവ്, എന്നിവയാൽ നിറഞ്ഞ് നിരാശകൂടാതെ പരീക്ഷകളെ നേരിടേണ്ടതിനും ആത്മഹത്യാപ്രേരണകളിൽ നിന്നും കഠിന നിരാശകളിൽ നിന്നും അവർ രക്ഷപ്പെടുന്നതിനും അമ്മ പ്രാർത്ഥിക്കണമെ.....ദൈവമായ കർത്താവേ പരിശുദ്ധ മർത്തശ്മൂനി അമ്മയുടെ മദ്ധ്യസ്ഥതവഴി അടിയങ്ങൾ സമർപ്പിക്കുന്ന ഈ പ്രാർത്ഥന അങ്ങ് സ്വീകരിക്കേണമേ....ആമ്മീൻ.

✱ കുഞ്ഞുങ്ങളുടെ മദ്ധ്യസ്ഥയായ മർത്തശ്മൂനി അമ്മേ....
( കുട്ടിയുടെ പേര് പറയുക) അപേക്ഷിക്കേണമെ...

✱ ആത്മീകഅറിവിന്റെ ആൾരൂപമായ ശ്മൂനിമാതാവേ....................
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ.

✱ ത്യാഗത്തിന്റെ ആൾരൂപമായ ശ്മൂനിമാതാവേ....................
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ.

✱ ദൈവത്തെ പ്രസാദിപ്പിച്ച മാതാവേ....................
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ.

**Bible Verse for Reading**

സദൃശ്യവാക്യം 2-6, സദൃശ്യവാക്യം 1:7, യെശയ്യാ 11:2,
സദൃശ്യവാക്യം 2:1-2

## 6. കുടുംബ വിശുദ്ധീകരണത്തിനുവേണ്ടിയുള്ള പ്രാർത്ഥന

കുടുംബത്തെ രൂപപ്പെടുത്തുകയും കുടുംബജീവിതത്തെ അനുഗ്രഹിക്കുകയും ചെയ്ത ദൈവമായ കർത്താവേ, അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. അങ്ങയെ ഞങ്ങൾ സ്നേഹിക്കുന്നു. കുടുംബജീവിതത്തിന്റെ നിർമ്മലത കാത്തുസൂക്ഷിക്കുകയും തനിക്കു ലഭിച്ച ജീവിതപങ്കാളിയെയും കുഞ്ഞുങ്ങളെയും സ്നേഹവാത്സല്യത്തോടെ പരിപാലിക്കുകയും അവരുടെ ജീവിതവിശുദ്ധിയ്ക്കായി പ്രാർത്ഥിച്ച് അവരെ ദൈവോന്മുഖരാക്കി തീർക്കുകയും ചെയ്ത മർത്തശ്മൂനി അമ്മയുടെ പ്രാർത്ഥന വഴിയായി ഞങ്ങളുടെ കുടുംബങ്ങൾ ആത്മനവീകരണം പ്രാപിക്കുമാറാകണമെ. ഞങ്ങളുടെ വാക്കുകൾകൊണ്ടും, പ്രവർത്തികൊണ്ടും ഞങ്ങളിലും ഭവനങ്ങളിലും വന്നുചേർന്നിരിക്കുന്ന തിന്മയുടെ സ്വാധീനങ്ങളെ ഞങ്ങളിൽ നിന്നും നീക്കിക്കളയേണമെ. ഞങ്ങളുടെ ഭവനത്തിൽ അങ്ങ് വാസമുറപ്പിക്കേണമെ. ഞങ്ങളുടെ വിചാരങ്ങളും വാക്കുകളും പ്രവർത്തികളും വ്യാപാരങ്ങളും അങ്ങ് നിയന്ത്രിക്കേണമെ. വിശ്വാസത്തിലും വിശുദ്ധിയിലും ഞങ്ങളുടെ ഭവനങ്ങളെ പടുത്തുയർത്തുവാൻ അടിയങ്ങൾക്ക് കൃപ നൽകേണമേ. ശുദ്ധിമതിയായ മർത്തശ്മൂനി അമ്മയുടെ പ്രാർത്ഥനയാൽ സമാധാനപരമായ ഞങ്ങളുടെ നിത്യ ജീവിതത്തെ അലങ്കോലപ്പെടുത്തുന്ന എല്ലാ പൈശാചിക വ്യാപാരത്തേയും നീക്കികളയേണമേ. ..... ഭിന്നതകളും കലഹങ്ങളും ഉണ്ടാകാതെ സമാധാനത്തിലും ഐക്യത്തിലും കുടുംബജീവിതം നയിക്കുവാൻ പരിശുദ്ധ അമ്മേ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കേണമേ. പാപസാഹചര്യങ്ങളിൽ നിന്നും, അപകടങ്ങളിൽ

നിന്നും മാറാരോഗങ്ങളിൽ നിന്നും ഞങ്ങൾ സംരക്ഷിക്കപ്പെടേണ്ടതിന് ശുദ്ധിമതിയായ അമ്മേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ. ദൈവ മായ കർത്താവേ ! പരിശുദ്ധ മർത്തശ്മൂനി അമ്മയുടെ ജീവിതവിശുദ്ധിയെ ഓർത്ത് അടിയങ്ങളുടെ കുടുംബത്തോട് കരുണ ചൊരിയേണമേ.

✱ കുടുംബജീവിതത്തിന്റെ മാതൃകയായ മാതാവേ....................

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ...

✱ കുടുംബങ്ങളുടെ മാതൃകയായ മാതാവേ....................

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ...

✱ ഞങ്ങളുടെ ആനന്ദകാരണമായ മാതാവേ....................

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ.

**Bible Verse for Reading**

2 തെസ്സലോനി 2 :13, 2 തിമോത്തി 2:21, കൊലോസ്യർ 3:1-5 എഫെസ്യർ 1:13

## 7. പരീക്ഷയ്ക്കുപോകുമ്പോൾ ചൊല്ലുന്ന പ്രാർത്ഥന

ഞങ്ങളുടെ രക്ഷകനും നാഥനുമായ കർത്താവേ, അങ്ങയുടെ പ്രത്യേക അനുഗ്രഹം സ്വീകരിക്കുവാനായി അവിടുത്തെ സന്നിധിയിൽ അണഞ്ഞിരിക്കുന്ന എന്നെ അങ്ങ് കരുണാപൂർവ്വം സ്വീകരിക്കേണമെ. പരീക്ഷ എഴുതുവാൻ പോകുന്ന എന്നെയും അവിടുന്ന് എനിക്കുതന്നി ട്ടുള്ള എല്ലാ കഴിവുകളെയും അങ്ങയുടെ തിരുമുമ്പിൽ ഞാൻ സമർപ്പി ക്കുന്നു. വിശുദ്ധഗ്രന്ഥവും പ്രവചനവും ഗ്രഹിക്കുവാൻ പരിശുദ്ധാത്മാ വിനെ അയച്ച് ശ്ലീഹൻമാരുടെ ബുദ്ധിയെ പ്രകാശിപ്പിക്കുകയും മനസ്സിനെ ശക്തിപ്പെടുത്തുകയും ചെയ്ത കർത്താവേ! എന്റെ ബുദ്ധിയെ പ്രകാശി പ്പിക്കുകയും മനസ്സിനെ ശക്തിപ്പെടുത്തുകയും ചെയ്യണമെ. പഠിച്ചകാര്യ ങ്ങൾ വേണ്ടവിധം ഓർക്കുവാനും ചോദ്യങ്ങൾ യഥോചിതം മനസ്സിലാക്കി, കൃത്യമായി ഉത്തരം എഴുതുവാനും ആവശ്യമായ കൃപാവരം അങ്ങെ നിയ്ക്കു നൽകേണമെ. അങ്ങയുടെ പ്രത്യേക പരിപാലനവും, സംരക്ഷ ണവും ഈ പരീക്ഷയിലുടനീളം എനിക്കു ലഭിക്കുമാറാകേണമേ. പുണ്യ വതിയായ മർത്തശ്മൂനി അമ്മയുടെ മദ്ധ്യസ്ഥതയാലും, അപേക്ഷയാലും, എന്റെ ചിന്തകളെ ബന്ധിക്കുന്ന തെറ്റായ ബോധ്യങ്ങളും ആലോചനകളും എന്നിൽ നിന്ന് നീക്കിക്കളയേണമെ.

✱ വിദ്യാർത്ഥികളുടെ സഹായമായ മാതാവേ....................

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ.

* സർവ്വശക്തനെ പ്രസാദിപ്പിച്ച മാതാവേ....................
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ.

* ഏഴു സഹദേൻമാരെ അറിവുള്ളവരാക്കി വളർത്തിയ മാതാവേ.....
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ.

**Bible Verse for Reading**

യെശയ്യാവ് 40 : 30 - 31,ഫിലിപ്പ്യർ 4:6-7, 1 പത്രോസ് 5: 6-7,
യിരെമ്യാവ് 17:7-8

# 8. ശിശുക്കൾക്കുവേണ്ടിയുള്ള പ്രാർത്ഥന

കുഞ്ഞുങ്ങളെ തന്റെ അടുക്കലേയ്ക്ക് സ്നേഹപൂർവ്വം വിളിക്കുകയും ശിശുസഹജമായ നിഷ്ക്കളങ്കത സ്വീകരിക്കുവാൻ ആഹ്വാനം ചെയ്യുകയും ചെയ്ത കർത്താവേ, എല്ലാ ശിശുക്കളേയും പ്രത്യേകിച്ച് (പ്രാർത്ഥിക്കുന്ന കുഞ്ഞിന്റെ പേരുപറയുക) അങ്ങയുടെ ആണിപ്പാടുള്ള കരങ്ങളിൽ സമർപ്പിച്ച് പ്രാർത്ഥിക്കുന്നു. പൈതങ്ങളെ അനുഗ്രഹിക്കേണമേ....പ്രത്യേകിച്ച് ഞങ്ങൾ ആരുടെ മദ്ധ്യസ്ഥതയിൽ അഭയപ്പെട്ട് അങ്ങയുടെ മുൻപിൽ നിൽക്കുന്നവോ ആ ശുദ്ധിമതിയായ മർത്തശ്മൂനി അമ്മയുടെ പ്രാർത്ഥനകൾ വഴി, ഞങ്ങളുടെ കുഞ്ഞുങ്ങളിൽ നിന്നും എല്ലാ തിന്മയുടെ സ്വാധീനങ്ങളും നീക്കിക്കളയേണമേ....... അവരുടെ വിശുദ്ധിയിൽ ഭൂമി മുഴുവനും അനുഗ്രഹിക്കപ്പെടുവാൻ ഇടയാകണമെ.... തിന്മയേശാത്തവിധം കുടുംബങ്ങളിൽ അവർ സുരക്ഷിതരും, ദൈവകരങ്ങളിൽ സംരക്ഷിതരുമാകട്ടെ. പുണ്യവാന്മാരായ ഏഴുസഹദേൻമാരുടെ പ്രാർത്ഥനവഴി കുഞ്ഞുങ്ങളിൽ ദൈവാശ്രയബോധം വളരുവാൻ ഇടയാക്കണമെ. ഉണർവ്വിലും, ഉറക്കത്തിലും കുഞ്ഞുങ്ങളെ ഭയപ്പെടുത്തുന്ന എല്ലാ പൈശാചികസ്വാധീനങ്ങളും, ശക്തികളും നിന്റെ വിശുദ്ധരുടെ പ്രാർത്ഥനവഴി നീക്കിത്തരുമാറാകേണമേ...ബാലാരിഷ്ടതകൾകൂടാതെയും, മാറാരോഗങ്ങളിൽ അകപ്പെടാതെയും അടിയങ്ങളുടെ കുഞ്ഞുങ്ങൾ സംരക്ഷിക്കപ്പെടുവാൻ ഭാഗ്യവതിയായ മർത്തശ്മൂനി അമ്മേ അമ്മ പ്രാർത്ഥിക്കേണമേ. പൈതങ്ങളെ പെട്ടന്നുള്ള മരണങ്ങളിൽ നിന്ന് കാത്ത് പരിപാലിക്കുമാറാകണമെ. ദൈവമായ കർത്താവേ! നിനക്കുവേണ്ടി ജീവിതം ബലിയായി അർപ്പിച്ച ഭാഗ്യവതിയായ മർത്തശ്മൂനി അമ്മയുടെയും അമ്മയുടെ മക്കളായ പരിശുദ്ധരായ ഏഴുസഹദേൻമാരുടെയും പ്രാർത്ഥനയിൽ ഞങ്ങളുടെ പൈതങ്ങളോട് നീ കരുണചെയ്യേണമേ....

* ശിശുക്കളുടെ സംരക്ഷകയായ ശ്മൂനി മാതാവേ....................
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ...

* മാതൃസ്നേഹത്തിന്റെ ആൾരൂപമായ മാതാവേ....................
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ...

* ശിശുക്കളുടെ മാർഗ്ഗദർശിയായ മാതാവേ....................
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ...

**Bible Verse for Reading**

യോശുവ 1 :9 ഫിലിപ്പ്യർ 4: 6, സങ്കീർത്തനം 91, സഖറിയ 9 : 8
ആവർത്തനം 28 : 14

## VI. പാപികളുടെ (ദുശ്ശീലത്തിന് അടിമപ്പെട്ടുപോയവരുടെ) മാനസാന്തരത്തിനു വേണ്ടിയുള്ള പ്രാർത്ഥന

പാപപ്രലോഭനങ്ങളേയും, ലോകത്തിന്റെ മോഹങ്ങളെയും ജീവിത നിഷ്ഠകൊണ്ട് തരണം ചെയ്ത പരിശുദ്ധയായ മർത്തശ്മൂനി അമ്മേ, ലോകത്തിന്റെ മോഹങ്ങളിൽ അകപ്പെട്ട് .......................ന് അടിമയായിപ്പോയ ഞങ്ങളുടെ സഹോദരൻ / സഹോദരി(പേരുപറയുക) യുടെ മാനസാന്ത രത്തിനായി ദൈവസന്നിധിയിൽ അപേക്ഷിക്കണമെ. ...എന്റെ പിതാവാ കർഷിച്ചിട്ടല്ലാതെ ആരും എന്റെ അടുക്കൽ വരുന്നില്ലായെന്ന് അരുളി ചെയ്ത യേശുമ്ശിഹായുടെ സ്നേഹവലയത്തിൻകീഴിൽ എന്റെ (പേരു പറയുക) എത്തിച്ചേരുവാൻ അമ്മ പ്രാർത്ഥിക്കേണമെ. ....

മാനസാന്തിരപ്പെടുന്നില്ലായെങ്കിൽ നിങ്ങൾ നശിക്കും എന്ന് അരു ളിചെയ്തതുകൊണ്ട് പാപവും പാപസാഹചര്യങ്ങളും വിട്ടകലുവാൻ ആഹ്വാനംചെയ്ത കർത്താവേ, തിന്മയേയും അതിന്റെ സാഹചര്യങ്ങ ളേയും ഉപേക്ഷിക്കുവാൻ ആവശ്യമായ എല്ലാ കൃപകളും കൊണ്ട് ഈ സഹോദരനെ /സഹോദരിയെ അനുഗ്രഹിക്കണമെ. പ്രാണത്യാഗംകൊണ്ട് പാപത്തിന്റെ കഠിനമായ മുള്ളുകളെ തകർത്തുകളഞ്ഞ് അങ്ങയുടെ വിശു ദ്ധരുടെ ഗണത്തിൽ മുഖശോഭയോടെ വർത്തിക്കുന്ന മർത്തശ്മൂനി അമ്മയേ ഓർത്ത് (പേരു പറയുക) എന്ന സഹോദരൻ/ സഹോദരി യുടെ മേൽ പരിശുദ്ധത്മാവിനെ വർഷിക്കേണമേ..... തെറ്റും ശരിയും തിരിച്ചറി വാനുള്ള വിവേകം നൽകണമെ.... പാപം ചെയ്യുന്നവൻ ദൈവത്തിന്റെ മന്ദിരമായ ശരീരമാണ് നശിപ്പിക്കുന്നത് എന്നബോധ്യത്തിൽ എത്തിച്ചേ രുവാനും, പാപസാഹചര്യങ്ങളെ ഉപേക്ഷിക്കുവാനും അങ്ങ് കൃപചെയ്യ ണമെ. ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്ക് ദൈവമക്കളായി തീരുവാൻ

അധികാരം നൽകിയ ദൈവമേ, കർത്താവിൽ വിശ്വസിക്കുവാനും പരിശുദ്ധാത്മാവിനെ സ്വീകരിച്ച് പിതാവാം ദൈവമേ എന്ന് അങ്ങേ വിളിച്ച് പ്രാർത്ഥിക്കുവാനും എന്റെ ........................ (പേരു പറയുക) ക്ക് ഇടയാകേണമേ........... ആമ്മീൻ

❋ പോരാട്ടക്കാരുടെ ആശ്രയമായ മർത്തശ്മൂനി മാതാവേ.........
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ

❋ ബന്ധനത്തിലിരിക്കുന്നവരുടെ ആശ്രയമായ ശ്മൂനിമാതാവേ.......
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ

❋ വിലാപത്തിലിരിക്കുന്നവരുടെ ആശ്രയമായ ശ്മൂനിമാതാവേ........
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ

**Bible Verse for Reading**

യെശയ്യാ 35:4, ഫിലിപ്പ്യർ 4:13, യെശയ്യാ 40:29, യെശയ്യാ 40:31, സങ്കീർത്തനം 119 : 28

## 10. ദമ്പതികളുടെ പ്രാർത്ഥന

ഭാഗ്യവതിയായ മർത്തശ്മൂനി അമ്മേ, കുടുംബജീവിതത്തിലെ എല്ലാ സന്തോഷങ്ങളും, സങ്കടങ്ങളും അറിയുന്ന അമ്മ എനിക്കുവേണ്ടിയും, എന്റെ കുടുംബത്തിനുവേണ്ടിയും പ്രാർത്ഥിക്കേണമേ.... വിശ്വസ്തതയോടും, വിശുദ്ധിയോടും കൂടെ പരസ്പരസ്നേഹത്തിലും ധാരണയിലും ജീവിക്കുവാൻ അമ്മ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കേണമേ... ഞങ്ങളുടെ നേട്ടങ്ങളും, കോട്ടങ്ങളും ആഗ്രഹങ്ങളും, നിരാശകളും, പ്രതീക്ഷകളും, ഉത്കണ്ഠകളും,വിജയങ്ങളും പരാജയങ്ങളും, സന്തോഷങ്ങളും, സങ്കടങ്ങളും എല്ലാം ഒരുപോലെ സ്നേഹത്തോടെ പങ്കുവെച്ച് മുൻപോട്ടു പോകുവാനുള്ള കൃപ പരിശുദ്ധത്മാവുവഴി ഞങ്ങൾക്ക് ലഭിക്കേണ്ടതിന് അമ്മ പ്രാർത്ഥിക്കേണമേ....തെറ്റുധാരണകളിൽനിന്നും പരസ്പരമുള്ള പഴിചാരലുകളിൽ നിന്നും അകന്നു നിൽക്കുവാൻ തക്കവണ്ണം ഞങ്ങൾക്കുവേണ്ടി അമ്മ പ്രാർത്ഥിക്കേണമേ....ഞങ്ങളുടെ വേദനകളിലും ബുദ്ധിമുട്ടുകളിലും ദൈവാശ്രയബോധത്തോടെ പിടിച്ചുനിൽക്കുവാൻ തക്കവണ്ണം ഞങ്ങൾക്കുവേണ്ടി അമ്മ പ്രാർത്ഥിക്കേണമേ.... സ്വീകരിക്കപ്പെടുന്നതിനേക്കാൾ കൊടുക്കുന്നതാണ് നല്ലതെന്ന് പറഞ്ഞ യേശുവിന്റെ വചനം അനുസരിച്ച് എല്ലാവരേയും സ്നേഹിക്കുവാൻ എനിക്ക് കൃപ ലഭിക്കേണ്ടതിന് പ്രാർത്ഥിക്കേണമേ. പ്രത്യേകിച്ച് എന്റെ ജീവിതപങ്കാളിയെ കരുതുവാനും എല്ലാ കുറവുകളോടുകൂടെ സ്നേഹിക്കുവാനും എനിക്ക് ഇടയാവേണ്ടതിന് അമ്മ പ്രാർത്ഥിക്കേണമേ.....

* ദമ്പതികളുടെ ആശ്രയമായ ശ്മൂനി മാതാവേ.........................
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ...
* ഹൃദയപരമാർത്ഥതയുള്ള മാതാവേ....................
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ...
* മരണം വരെയും കുടുംബജീവിതത്തിൽ വിശ്വസ്തയായ മാതാവേ.........
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ

**Bible Verse for Reading**

1 കൊരിന്ത്യർ 13, 1 പത്രോസ് 4:8, 1 യോഹന്നാൻ 4:7,8,
1 കൊരിന്ത്യർ 16: 14

# 11. രോഗികളുടെ പ്രാർത്ഥന

പരിശുദ്ധ മർത്തശ്മൂനി അമ്മേ! ശാരീരികമായ രോഗത്തിലും, ആത്മീകമായ വിഷമതകളിലും, മാനസികമായ ബുദ്ധിമുട്ടുകളിലും കഴിയുന്ന എനിക്കുവേണ്ടിയും - എന്റെ കുടുംബത്തിനുവേണ്ടിയും അമ്മ പ്രാർത്ഥിക്കേണമേ.. പ്രത്യേകിച്ച് നാളുകളായി എന്നെ അലട്ടുന്ന (രോഗ വിവരം പറയുക) എന്ന രോഗത്തെ എന്നിൽ നിന്ന് നീക്കിക്കളയുന്നതിന് അമ്മ, ദൈവസന്നിധിയിൽ പ്രാർത്ഥിക്കേണമേ. ശാരീരികമായ പീഢകളുടെ വേദന അറിയുകയും അവ ദൈവപ്രസാദത്തിന് മുഖാന്തിരമാക്കി തീർക്കുകയും ചെയ്ത അമ്മേ ,എന്റെ സഹനങ്ങളും രോഗങ്ങളും ഞാൻ ദൈവസന്നിധിയിൽ സമർപ്പിക്കുന്ന ഈ സമയത്ത് എനിക്കുവേണ്ടി അമ്മ പ്രാർത്ഥിക്കേണമേ......

ദൈവമായ കർത്താവേ, മരുന്നും ലേപനവുമല്ല അങ്ങയുടെ വചനമാണ് എന്നെ സുഖപ്പെടുത്തുന്നത് എന്ന് ഞാൻ അറിയുന്നു. ഏലിശായുടെ അസ്ഥികളിലൂടെ മരിച്ചവനെ ഉയർപ്പിച്ച ദൈവമേ...,മരണനിദ്രയിൽ കഴിഞ്ഞിരുന്ന ലാസറിനെ വിളിച്ചെഴുന്നേൽപ്പിച്ച കർത്താവേ രോഗാതുരനായ എന്നോട് കരുണകാണിക്കേണമേ.... ജീവിതവിശുദ്ധി എന്ന പുണ്യത്താലും ദൈവസ്നേഹം എന്ന ആത്മീകചൈതന്യത്താലും അങ്ങയെ പ്രസാദിപ്പിച്ച മർത്തശ്മൂനി അമ്മയുടെയും ഏഴുമക്കളുടെയും ഗുരുവിന്റെയും ജീവിതത്തെ അവിടുത്തെ മുൻപിൽ കാഴ്ചയായ് സമർപ്പിച്ച് എന്റെ (രോഗത്തിന്റെ പേര് പറയുക) സൗഖ്യത്തിനായി പ്രാർത്ഥിക്കുന്നു. എന്നോട് കരുണചെയ്യേണമേ..... ആമ്മീൻ

- ✱ രോഗികളുടെ മദ്ധ്യസ്ഥയായ മർത്തശ്മൂനി മാതാവേ........
  ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ
- ✱ ത്യാഗത്തിന്റെ വിളനിലമായ മാതാവേ.......
  ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ
- ✱ അഭയപ്പെടുന്നവരുടെ ആശ്രയമായ ശ്മൂനിമാതാവേ.........
  ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ

**Bible Verse for Reading**

യെശയ്യാ 41 :17, മത്തായി 8:16, മത്തായി 4: 24

## 12. മക്കൾ ലഭിക്കപ്പെടുവാനുള്ള പ്രാർത്ഥന

കുടുംബജീവിതത്തിൽ വിശ്വസ്തയായിരുന്ന് മാതൃത്വത്തിന്റെ സന്തോഷവും ആനന്ദവും അറിഞ്ഞ പരിശുദ്ധ മർത്തശ്മൂനി അമ്മേ... എന്റെ ജീവിതത്തിൽ കുഞ്ഞുങ്ങൾ എന്ന ദൈവികദാനം ലഭിക്കപ്പെടുവാൻ അമ്മ പ്രാർത്ഥിക്കേണമേ... മക്കൾ യഹോവ നൽകുന്ന ദാനമാണെന്നും ഉദരഫലം അവൻ നൽകുന്ന പ്രതിഫലമാണെന്നും ഞങ്ങൾ മനസ്സിലാക്കുന്നു. ഞങ്ങളിൽ ഈ ദൈവീക വാഗ്ദാനത്തിന്റെ പൂർത്തികരണത്തിന് തടസ്സമായി നിലയ്ക്കുന്ന എല്ലാഅവസ്ഥകളും നീങ്ങിപ്പോകുന്നതിന് അമ്മ പ്രാർത്ഥിക്കേണമേ...പ്രായാധിക്യത്തിലെത്തിയ അബ്രഹാമിന് മാനുഷിക ബുദ്ധിക്ക് ഗ്രഹിക്കുവാൻ സാധ്യമല്ലാത്തവിധത്തിൽ തലമുറയെ നൽകിയ ദൈവം എന്നിൽ കരുണചെയ്യുന്നതിന് അമ്മ പ്രാർത്ഥിക്കേണമേ.. ഒരു കുഞ്ഞിന് ജന്മം നൽകി സ്നേഹപരിലാളനങ്ങളോടെ വളർത്തുവാനുള്ള എന്റെ ആഗ്രഹത്തെ ദൈവസന്നിധിയിൽ അമ്മ സമർപ്പിക്കേണമേ....

നിത്യപിതാവായ ഞങ്ങളുടെ ദൈവമേ! ഞങ്ങളുടെ ആഗ്രഹങ്ങളും സന്തോഷങ്ങളും അറിയുന്ന ഞങ്ങളുടെ കർത്താവേ; എന്റെയും, എന്റെ ജീവിതപങ്കാളിയുടെയും ഞങ്ങളുടെ കുടുംബം മുഴുവന്റെയും പാപങ്ങൾ പരിഹരിച്ച് എന്റെ ജീവിതത്തിൽ ഒരു കുഞ്ഞിനെ നൽകുവാൻ തിരുമനസ്സാകേണമേ.... അങ്ങയുടെ കല്പനകളിൽ ജീവിതം പടുത്തുയർത്തി വിശ്വാസത്തിനുവേണ്ടി തന്റെ മക്കളെ മരണത്തിന് ഏല്പിച്ചുകൊടുത്ത പരിശുദ്ധ മർത്തശ്മൂനി അമ്മയുടെ പ്രാർത്ഥനവഴി എന്നോട് കരുണയാകേണമേ..കൊടിയ പീഢകൾ ഏൽക്കുമ്പോഴും ദൈവത്തെ

ഉപേക്ഷിക്കാതെ മരണം വരിച്ച പരിശുദ്ധ ഏഴുസഹദേന്മാരുടേയും ഗുരുവായ ഏലിയാസറിന്റെയും പ്രാർത്ഥനാൽ അടിയങ്ങൾക്ക് കുഞ്ഞുങ്ങളെ ദാനമായി നൽകേണമേ...ആമ്മീൻ

* സ്വർഗ്ഗത്തിൽ കാര്യനിർവ്വഹണത്തിന് പ്രാപ്തി ലഭിക്കപ്പെട്ടിട്ടുള്ള മാതാവേ.................... ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ...
* വിശ്വാസികളുടെ ആശ്രയമായ ശ്മൂനി മാതാവേ........ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ...
* കുഞ്ഞുങ്ങളില്ലാത്തവരുടെ അഭയമായ മാതാവേ........ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ...

**<u>Bible Verse for Reading</u>**

ഉല്പത്തി 1 : 28, യെശയ്യാ 54: 13, യാക്കോബ് 1 : 17,
സങ്കീർത്തനം 113: 9, സങ്കീർത്തനം 127: 3-5

# 13. ഗർഭിണികളുടെ പ്രാർത്ഥന

ദൈവിക ദാനമാകുന്ന മാതൃത്വത്തിലേയ്ക്ക് പ്രവേശിക്കുകയും മാനസികവും- ശാരീരികവുമാകുന്ന എല്ലാ സന്തോഷങ്ങളിലൂടെയും പ്രയാസങ്ങളിലൂടെയും കടന്ന് ഏഴു മക്കൾക്ക് ജന്മം നൽകുകയും ചെയ്ത പരിശുദ്ധ മർത്തശ്മൂനി അമ്മേ ! എന്റെ ഉദരത്തിൽ ദൈവം നൽകിയിട്ടുള്ള പൈതലിനുവേണ്ടിയും എനിക്കുവേണ്ടിയും അമ്മ പ്രാർത്ഥിക്കേണമേ.... പൈതൽ ആത്മാവിൽ നിറയുന്നതിനും പ്രയാസങ്ങളോ ബുദ്ധിമുട്ടുകളോ കൂടാതെ ദൈവം നൽകിയ ജീവന് ജന്മം നൽകുന്നതിനും അമ്മ പ്രാർത്ഥിക്കേണമേ. പ്രത്യേകിച്ച് ഞാൻ ഇപ്പോൾ കടന്നുപോകുന്ന (പ്രയാസങ്ങൾ പറഞ്ഞ് പ്രാർത്ഥിക്കുക) അവസ്ഥയിൽ നിന്ന് എന്നെ വിമോചിപ്പിക്കേണമേ. എന്റെ വിചാര-വികാരങ്ങളിലൂടെ ആന്തരീകമായ മുറിവുകൾ എന്റെ കുഞ്ഞിന് നൽകാതെവണ്ണം പരിശുദ്ധാമാവിൽ ഞാൻ നിറയുന്നതിന് അമ്മ പ്രാർത്ഥിക്കേണമേ..... ഒരു കുഞ്ഞിന് ജന്മം നൽകുന്നതിനെക്കുറിച്ചും കുഞ്ഞിന്റെ വളർച്ചക്കാവശ്യമായ ക്രമീകരണങ്ങളെക്കുറിച്ചും എന്റെ മനസ്സിലുള്ള ആകുലതയും തെറ്റായബോധ്യങ്ങളും നീങ്ങിപ്പോകേണ്ടതിനും അമ്മ പ്രാർത്ഥിക്കേണമേ.... എന്റെ ശാരീരികബുദ്ധിമുട്ടുകളുടെ നടുവിൽ ഒരിക്കൽപ്പോലും ഉദരസ്ഥമായ കുഞ്ഞിനെതിരെ ചിന്തിക്കുവാൻ എനിക്കിടയാകരുതേ. പരിശുദ്ധ മർത്തശ്മൂനി മാതാവേ ദൈവീകദാനമായ കുഞ്ഞുങ്ങളെ വചനത്തിന്റെ പ്രകാശത്തിൽ വളർത്തുവാൻ തക്കവണ്ണം അമ്മ എനിക്കുവേണ്ടി പ്രാർത്ഥിക്കേണമേ..... ആമ്മീൻ.

* ത്യാഗത്തിന്റെ ആൾരൂപമായ മർത്തശ്മൂനി മാതാവേ.....
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ
* ഗർഭിണികളുടെ ആശ്രയമായ ശ്മൂനിമാതാവേ....................
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ
* മാതാപിതാക്കളുടെ മദ്ധ്യസ്ഥയായ ശ്മൂനിമാതാവേ....................
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ

**Bible Verse for Reading**

സങ്കീർത്തനം 91, സങ്കീർത്തനം 23 : 1- 4, 1 ശമൂവേൽ 1:27,
പുറപ്പാട് 23: 26, സങ്കീർത്തനം 139: 13-18, യാക്കോബ് 1 : 17- 18

## 14. മക്കളുടെ രോഗവിമുക്തിക്കായുള്ള പ്രാർത്ഥന

പരിമിതമായ സാഹചര്യങ്ങളിലും ദൈവം തന്ന ഏഴുമക്കളെ സ്നേഹത്തോടെ മാറോടണച്ചു വളർത്തിയ പരി. മർത്തശ്മൂനി അമ്മേ, മക്കളുടെ രോഗങ്ങളിലും, പ്രയാസങ്ങളിലും അവരെ ശുശ്രൂഷിക്കുകയും, ദൈവസന്നിധിയിൽ പ്രാർത്ഥിച്ച് അവരുടെ രോഗങ്ങൾക്ക് സൗഖ്യകാരണമായിത്തീരുകയും ചെയ്ത അമ്മ എന്റെ (കുഞ്ഞിന്റെ പേർപറയുക) വേണ്ടി അപേക്ഷിക്കേണമേ... ദൈവികദാനമായ ഈ കുഞ്ഞിനെ ദൈവ സന്നിധിയിൽ ഒരു കാഴ്ചയായി സമർപ്പിച്ച് അമ്മ പ്രാർത്ഥിക്കേണമേ... ആത്മാവിലും ശരീരത്തിലും പൂർണ്ണ ആരോഗ്യം ലഭിക്കത്തക്കവണ്ണം ഈ കുഞ്ഞിനുവേണ്ടി അമ്മ അപേക്ഷിക്കേണമേ... കുഞ്ഞിന്റെ രോഗം മുഖേന എന്റെ ഹൃദയത്തിൽ വന്നു ചേർന്നിരിക്കുന്ന എല്ലാ ഭാരങ്ങളും നീങ്ങിപ്പോകുന്നതിന് മർത്തശ്മൂനി അമ്മേ; അമ്മ പ്രാർത്ഥിക്കേണമേ... യേശുവിന്റെ തിരുരക്തത്താൽ കഴുകൽ പ്രാപിച്ച് പൂർണ്ണസൗഖ്യം ലഭിക്കുന്നതിനും രോഗത്തിലൂടെ വന്നിട്ടുള്ള എല്ലാ ബലഹീനതകളും നീങ്ങിപ്പോകുന്നതിനും ദൈവതിരുസന്നിധിയിൽ അമ്മ പ്രാർത്ഥിക്കണമേ, ജീവന്റെയും ആരോഗ്യത്തിന്റെയും ഉടയവനായ ദൈവം (കുഞ്ഞിന്റെ പേര് പറയുക) എന്ന കുഞ്ഞിനോട് കരുണ കാണിക്കത്തക്കവണ്ണം അമ്മ പ്രാർത്ഥിക്കണമേ... ദൈവമായ കർത്താവേ ശരീരത്തിൽ കഠിനമായ പീഡ സഹിച്ചുകൊണ്ട് തിളച്ച എണ്ണയിലേയ്ക്ക് വലിച്ചെറിയപ്പെട്ട് ജീവൻ വെടിയുമ്പോഴും അങ്ങയോടുള്ള വിശ്വാസം കാത്തുപരിപാലിച്ച മർത്തശ്മൂനി അമ്മയുടെ ജീവിതവിശുദ്ധിയും ത്യാഗവുമോർത്ത് അടിയന്റെ കുഞ്ഞിനോട് കരുണചെയ്യേണമേ...

* രോഗികളുടെ ആശ്രയമായ ശ്മൂനിമാതാവേ.................
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ
* യുവതീ-യുവാക്കളുടെ പ്രത്യാശയായ മാതാവേ.........
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ
* കരയുന്നവരുടെ ആശ്രയമായ മാതാവേ............
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ

**Bible Verse for Reading**

മത്താ. 20:29-34 , മത്തായി 17: 14-18 യിരമ്യ 30 :17, യാക്കോബ് 5:15

## 15. ക്ഷമയുടെ പ്രാർത്ഥന

ക്ഷമയുടെ മാതൃകയായ മർത്തശ്മൂനിയമ്മേ, ദൈവികപ്രത്യാശയിലും സ്നേഹത്തിലും നിറഞ്ഞുനിന്നതിനാലാണ് ക്രൂരമായ പീഢകളെല്ലാം സഹിച്ചപ്പോഴും അമ്മ മറ്റുള്ളവരോട് ക്ഷമിച്ചതെന്ന് ഞാൻ മനസ്സിലാക്കുന്നു. ക്ഷമിച്ചുകൊണ്ട് സഹിക്കുകയും, സഹനത്തിലൂടെ ദൈവമഹത്വം ദർശിക്കുകയും ചെയ്ത അമ്മ എന്നെ ഉപദ്രവിച്ചവരോട് ക്ഷമിക്കുവാൻ തക്ക പരിശുദ്ധാത്മബലം എനിക്ക് ലഭിക്കപ്പെടേണ്ടതിന് പ്രാർത്ഥിക്കേണമേ. ഞാൻ മുഖാന്തിരം ആരെങ്കിലും വേദന അനുഭവിച്ചിട്ടുണ്ടെങ്കിൽ ഞാൻ അവരോടെല്ലാം ദൈവസന്നിധിയിൽ മാപ്പു പറയുന്നു. അവർക്കെന്നോട് ക്ഷമിക്കുവാനുള്ള വരം കിട്ടേണ്ടതിനും അമ്മ പ്രാർത്ഥിക്കേണമേ... പ്രത്യേകിച്ച് എന്നെ ഏറ്റവും കൂടുതൽ ഉപദ്രവിക്കുന്ന (പേര് പറയുക) എന്നെ വ്യക്തിക്കുവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു. അദ്ദേഹത്തോട് / അവരോട് ഞാൻ നിരുപാധികം ക്ഷമിക്കുന്നു. എന്നോട് കരുണയും സ്നേഹവും പ്രകടിപ്പിക്കുവാൻ തക്കവണ്ണം ആ ഹൃദയത്തിൽ പരിശുദ്ധാത്മാവ് നിറയുവാൻ അമ്മ പ്രാർത്ഥിക്കേണമേ.

ദൈവമായ കർത്താവേ ! എന്റെ മനസ്സിൽ അടിഞ്ഞുകൂടിയിരിക്കുന്ന എല്ലാ ദേഷ്യങ്ങളും വെറുപ്പുകളും, അശുദ്ധിയും എന്നിൽനിന്ന് നീങ്ങിപ്പോകുന്നതിന് അവിടുത്തെ കാരുണ്യം കൊണ്ട് എന്നെ പൊതിയേണമേ... എന്റെ ഉള്ളിൽ പരിശുദ്ധാത്മാവ് പ്രവർത്തിച്ച് എല്ലാ ആത്മവരങ്ങളിലും നിറഞ്ഞ് മറ്റുള്ളവരോട് ക്ഷമിക്കുവാനും ക്ഷമയുടെ മാതൃകയായിത്തീരുന്നതിനും എന്നെ യോഗ്യനാക്കേണമേ... ഞാൻ മുറിപ്പെടുത്തിയിട്ടുള്ള (പേർപറയുക) എന്ന വ്യക്തിയോട് നിരുപാധികം ക്ഷമിച്ചുകൊണ്ട്

ഞാൻ മാപ്പുപറയുന്നു. അങ്ങയുടെ വിശ്വസ്തരും, നീതിയുടെ ആലോചനക്കാരും, വിശ്വാസത്തിന്റെ പോരാളികളുമായ മർത്തശ്മൂനിഅമ്മയേയും അമ്മയുടെ മക്കളായ ഏഴു സഹദേന്മാരെയും അവരുടെ ഗുരുനാഥനായ മോർ ഏലിയാസറിനേയും ഓർത്ത് ക്ഷമിക്കുവാനുള്ള വരദാനങ്ങൾ എന്നിൽ ചൊരിയേണമേ. ആമ്മീൻ

* സഹനത്തിന്റെ ആൾരൂപമായ മാതാവേ....................

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ...

* ശത്രുക്കളോടുപോലും ക്ഷമിച്ച് പ്രാർത്ഥിച്ച മാതാവേ....................

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ...

**Bible Verse for Reading**

കൊലോ. 3:13, മത്തായി 6:14-15, ലൂക്കോസ് 17:3,4,എഫേസ്യർ 4: 31-32, 1 യോഹ1 : 9

## 16. സാമ്പത്തിക ക്ലേശം നീങ്ങിപ്പോകുന്നതിനുള്ള പ്രാർത്ഥന

രാജാധിരാജാവും കർത്താധികർത്താവും സർവ്വശക്തനുമായ ദൈവമേ! രാജത്വവും അധികാരവും ശക്തിയും ആധിപത്യവും എന്നേയ്ക്കും നിന്റേതാകുന്നുവല്ലോ. നിന്നെ ഭയപ്പെടുന്നവർക്ക് തലമുറ തലമുറയായി സമ്പത്തും, ഐശ്വര്യവും നൽകുന്നവനും നീയാകുന്നു. കാരുണ്യവാനായ കർത്താവേ ഇപ്പോൾ എനിക്കു നേരിട്ടിരിക്കുന്ന സാമ്പത്തിക ബുദ്ധിമുട്ടുകളുടെ മേൽ അങ്ങ് തൃക്കൺ പാർക്കേണമേ. എന്റെ ജീവിതത്തിലെ ഉദാസീനതകളും അഹങ്കാരവുമാണ് എന്നെ തകർത്തതെങ്കിൽ എന്റെ പാപങ്ങൾ ക്ഷമിച്ച് എന്റെ തകർച്ചയിൽ നിന്ന് എന്നെ കരകയറ്റണമെ. അബ്രഹാമിനെ അനുഗ്രഹിച്ച് വലിയവനാക്കുകയും, ഇസഹാക്കിലും, യാക്കോബിലും തന്റെ മഹാശക്തിയാൽ ദൈവികദാനങ്ങളെച്ചൊരിഞ്ഞ എന്റെ കർത്താവേ എന്റെ സാമ്പത്തിക ബുദ്ധിമുട്ടുകളെ അങ്ങ് നീക്കിത്തരേണമേ. അബ്രഹാമിനെയോർത്ത് ലോത്തിനെ വിടുവിച്ച കർത്താവേ, അങ്ങയുടെ സന്നിധിയിൽ വിശ്വസ്തതയോടെ ജീവിച്ച മർത്തശ്മൂനി അമ്മയെ ഓർത്ത് അടിയങ്ങളോട് കരുണ ചെയ്യേണമേ...

മനസ്സു തകർന്നവരുടെ ആശ്രയമായ ശ്മൂനി മാതാവേ...

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ....

വിഷമത്തിലിരിക്കുന്നവരുടെ ആശ്രയമായ മാതാവേ....

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ....

അപേക്ഷിക്കുന്നവരെ ഉപേക്ഷിക്കാത്ത മാതാവേ....

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ....

**Bible Verse for Reading**

ആവർത്തനം 28:1-14, ഫിലിപ്യർ 4:19, മത്തായി 6:26, ലൂക്കോസ് 16:10-12

## 17. പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

ദൈവമായ കർത്താവേ ഞാൻ അങ്ങയെ മഹത്വപ്പെടുത്തുന്നു. എന്നെ വിസ്മയകരമായി അവിടുന്നു സൃഷ്ടിച്ചു എനിക്കു രൂപം ലഭിക്കുന്നതിനുമുമ്പേ അവിടുത്തെ കണ്ണുകൾ എന്നെ കണ്ടു.

പരിശുദ്ധാത്മാവേ, എന്നെ പരിശോധിച്ച് എന്റെ ഹൃദയത്തെ അറിയേണമേ. എന്നെ പരീക്ഷിച്ച് എന്റെ വിചാരങ്ങൾ മനസ്സിലാക്കേണമേ. വിവേകത്തോടെ സംസാരിക്കുവാനും, ദൈവദാനങ്ങൾക്കൊത്ത വിധം ചിന്തിക്കാനും എന്നെ അനുഗ്രഹിക്കേണമേ. എനിക്ക് എല്ലാം വെളിപ്പെടുത്തുകയും നേർവഴി കാണിച്ചുതരികയും എന്നോട് മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും ശക്തി തരികയും ചെയ്യേണമേ. ഒരു നിമിഷംപോലും എന്നിൽനിന്ന് നീ മറഞ്ഞിരിക്കരുതേ. ദൈവഹിതത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് അപേക്ഷിക്കുന്നു. (ആവശ്യം പറയുക)

പരിശുദ്ധ മർത്തശ്മൂനിഅമ്മേ, പരിശുദ്ധാത്മ കൃപ ഞങ്ങളിൽ ചൊരിയപ്പെടുന്നതിന് അമ്മ പ്രാർത്ഥിക്കേണമേ. എന്റെ ആവശ്യമായ (ആവശ്യം പറയുക) കാര്യങ്ങൾ ദൈവാത്മാവിന്റെ ശക്തിയൽ നേർവഴിയിൽ എത്തിച്ചേരുന്നതിനുവേണ്ടി അമ്മ പ്രാർത്ഥിക്കേണമേ....

* ദൈവത്തെ പ്രസാദിപ്പിച്ച മർത്തശ്മൂനിമാതാവേ..........

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ...

* ദൈവവിശ്വാസത്തിനായി ജീവൻ ബലികൊടുത്ത മാതാവേ.........

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ...

* ആശ്രയിക്കുന്നവരുടെ ആശ്വാസമായ മാതാവേ............

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ..

## Bible Verse for Reading

യെഹെസ്കേൽ 7:1-12, യോഹന്നാൻ 17: 37-39 അപ്പൊ.പ്രവൃത്തി 1:8, അപ്പൊ.പ്രവൃത്തി 4:31

# 18. പൈശാചിക ശക്തികളിൽ നിന്നും വിജയം നേടുന്നതിനുള്ള പ്രാർത്ഥന

അന്ധകാര ശക്തി ആവസിച്ച് ദൈവജനത്തെ കൊന്നൊടുക്കിയ അന്ത്യോഖ്യസ് രാജാവിന്റെ ക്രൂരപീഢകളെ പ്രാർത്ഥനയാൽ അതിജീവിച്ച പരിശുദ്ധ മർത്തശ്മൂനി അമ്മേ, എന്നിലും എന്റെ ഭവനത്തിലും എന്നെ ബുദ്ധിമുട്ടിക്കുന്ന എല്ലാ തിന്മകളുടെയും സ്വാധീനങ്ങളും ഇല്ലാതാക്കാൻ അമ്മ പ്രാർത്ഥിക്കേണമെ. എന്റെ ആത്മവിശ്വാസത്തെക്കെടുത്തുന്ന തെറ്റായ ബോധ്യങ്ങൾ എന്നിൽനിന്നും നീങ്ങിപ്പോകുവാൻ അമ്മ പ്രാർത്ഥിക്കേണമെ. വിട്ടുമാറാത്ത രോഗങ്ങളും, കുടുംബത്തിലെ കലഹങ്ങളും എല്ലാ തിന്മയുടെ തന്ത്രങ്ങളും അമ്മയുടെ പ്രാർത്ഥനവഴി എന്നിൽനിന്നും നീക്കിക്കളയേണമെ.

ഞങ്ങളുടെ കർത്താവായ യേശുമിശിഹായുടെ നാമത്തിൽ പരിശുദ്ധ കന്യക മർത്തമറിയം അമ്മയുടെയും മർത്തശ്മൂനി അമ്മയുടെയും, ഏഴു സഹദേന്മാരുടെയും, ഗുരുവായ ഏലിയാസറിന്റെയും, സർവ്വ വിശുദ്ധന്മാരുടെയും, ശുദ്ധിമതികളുടെയും പ്രാർത്ഥനയിൽഅഭയപ്പെട്ടുകൊണ്ടും എല്ലാ ദുഷ്ടാരൂപികളും, പൈശാചിക ശക്തികളും നാകരികശക്തികളും എന്നിൽ നിന്നും നീങ്ങിപ്പോകട്ടെ.

* ഞങ്ങളുടെ സംരക്ഷകയായ മാതാവേ..........
  ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ...
* വിഷമിച്ചിരിക്കുന്നവരുടെ ആശ്രയമായ മാതാവേ..........
  ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ...
* പൈശാചികശക്തികളിൽ നിന്നും ഞങ്ങളെ മോചിപ്പിക്കുന്ന മാതാവേ..
  ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമെ...

## Bible Verse for Reading

മർക്കോസ് 1:21-28, മർക്കോസ് 5: 1-20 മർക്കോസ് 9:14-29

# 19. മദ്ധ്യസ്ഥ ഗാനങ്ങൾ

**1**

(ശുദ്ധിമതി എന്ന രീതി)

1. മർത്തശ്മൂനി നിൻ സന്നിധിയിൽ അണയുന്നോർക്കായ്
പ്രാർത്ഥിക്കണമെ മശീഹാ തൻ തിരു സന്നിധേയെന്നും ....

2. തൃണമെന്നോണം മേവും മനുജൻ തൃഷയിൽ മുങ്ങി...
പാപം ചെയ്യാതമ്മേയെന്നും പ്രാർത്ഥിക്കണമേ...

3. പത്രരഥം പോൽ പാറും ഹൃദയം നിൻ പ്രാർത്ഥനയാൽ
കൈക്കൊള്ളട്ടെ സ്ഥിരമാം വിശ്വാസത്തെയെന്നും...

4. നീയുതം നിത്യതയെന്നുരചെയ്യാൻ നിൻ സുതരൊപ്പം
മർത്തശ്മൂനീ ഏകുക എന്നിൽ ധൈര്യമതെന്നും...

5. ചേലേടുതന്ത്രം ഓതും സാത്താൻ ജയമാർന്നീടാ-
തമ്മേ എന്നും നിൻ അടിയാർക്കായ് പ്രാർത്ഥിക്കണമേ...

6. ദാസർക്കഭയം ആശ്വാസമതും ധൈര്യവുമേകാൻ...
സ്വർഗ്ഗാധിപനാം താതൻ മുൻപിൽ പ്രാർത്ഥിക്കണമേ...

7. ദൈവം പൊരുളായ് നിറയും വചനം മനനം ചെയ്തി-
ടാകുൽക്കറുസാ തൻ വീര്യത്തെ വെന്നൊരു നാഥേ...

8. കണ്ണീരോടെ നിൻ സന്നിധിയിൽ പ്രാർത്ഥിക്കുന്നോർ-
ക്കാശ്വാസമതായ് നിൻ സാന്നിധ്യം ഏകുകമാതേ...

**2**

ഉള്ളം നൊന്തു കേണിടുമ്പോൾ അരികിൽ വരണേ നീ തുണയായ് അമ്മേ...
എന്റെ മുൻപിൽ നിഴലായ് എൻ മുമ്പിൽ പൊരുളായ് നീ വരണേ...
ജീവിതഭാരവും എന്നെ മൂടി ആഴിയിൽ ആഴമായ് നിന്നിടുമ്പോൾ
ആശ്വാസമായ് തെളിനീരായ് നീ വരണെ....

ശ്മൂനിമാതേ നിൻ സ്നേഹം ഞങ്ങൾക്കെന്നും അഭയമതായ്
സഹനം നിറയും നേരത്ത് തുണയായ് നൽകണമെ...

1. ഓർത്തുപോയാൽ നെഞ്ചുരുകും ക്രൂരമായ പീഡകളും
ധാത്രിപോലും കൈവിട്ടുനിന്ന വേദനയിൻ നാഴികയും...
ഓർത്തുചൊല്ലി കേണനേരം എന്റെ കാതിൽ നീ മൊഴിഞ്ഞ
ദിവ്യസ്നേഹം മാത്രമെൻ മുമ്പിലായ് ഈ ജീവകാലമെല്ലാം
ശ്മൂനിമാതേ നിൻ സ്നേഹം
2. ലോകമേകും വേദനയിൽ ഭീതിലേശം ഏശിടാതെ
തൻ സുതരെ തന്നോടുചേർത്ത് എന്നരികെ വന്നൊരമ്മേ...
അല്ലലൊന്നും സാരമില്ലെന്നന്നു നീ മൊഴിഞ്ഞുതന്ന
ദിവ്യസ്നേഹം മാത്രമെൻ മുൻപിലായ്... ഈ ജീവകാലമെല്ലാം..
ശ്മൂനിമാതേ നിൻ സ്നേഹം

**3**

കരഞ്ഞുപോയ് അമ്മേ നിൻ കഥനത്തിൽ ചരിതത്തിൽ
നീയേറ്റ പീഡയിൻ ബാഹുല്യത്താൽ.

അറിയുന്നു ഞാനമ്മേ എൻ ക്ലേശമേതുമില്ലത്രമേൽ
നീയേറ്റു സഹനം പാരിൽ...

ശ്മൂനിമാതാവേ... നിന്നെ നമിച്ച്
ആരാധനയോടെ നോക്കീടുന്നു...
അഴലാർന്ന എന്നുള്ളിൽ അഭിഷേകമേകുവാൻ
അരുമനാഥൻ മുൻപിൽ പ്രാർത്ഥിക്കണേ

1. മിഴിവാർന്നുനോക്കിയാൽ നിഴലായും പൊരുളായും
കനിവാർന്ന കരം നീട്ടി നിൽക്കുമമ്മേ...
അനുതാപ ചിത്തനായ് മാദ്ധ്യസ്ഥം തേടി ഞാൻ
അമ്മേ നിൻ തിരുമുൻപിൽ നിന്നീടുന്നു...
ശ്മൂനിമാതാവേ ....നിന്നെ നമിച്ച്

2. അഴലെല്ലാം മാറിയെൻ അകതാരുതെളിഞ്ഞപ്പോൾ
അറിഞ്ഞന്ന് നിൻ സ്നേഹം എത്രയെന്ന്...
ഒരിക്കലും കൈവിടാതെന്നെയും നിൻപ്രിയ
സുതനായ് എണ്ണണേ സ്നേഹതാതേ...
ശ്മൂനിമാതാവേ ....നിന്നെ നമിച്ച്

## 4

## അതുലിത പരിശുദ്ധ എന്ന രീതി

1. മർത്തശ്മൂനി നിൻ പാവനചരിതത്താൽ
പാരിതിയിൽ ഞങ്ങൾ വിശ്വാസം തേറി...
പരനുടെ സംപ്രീതി, ശ്രേഷ്ഠതയാർന്ന വരം
എന്നിവ നേടിടുവാൻ പ്രാർത്ഥിക്കുന്നെങ്ങൾ...

2. നിർജിത ദേശത്ത് അനിർജിത വിശ്വാസം
പേറിയതാൽ അമ്മ... ശോഭിതയായ് ധരയിൽ
അരചൻ ഉരചെയ്ത പാഷണ്ഡത നീക്കാൻ...
മരണം പുൽകിയ നൽ ശ്മൂനിപ്രാർത്ഥിക്ക...

3. സുതരാം സഹദേൻമ്മാർ പീഢ വരിച്ചപ്പോൾ
സാകൂതം ധൈര്യം നൽകിയ മാതാവേ...
സംഹിത പീഢകളിൻ സന്താപം നീക്കി
സ്നേഹം ത്രിത്വസമം ഏകണമേ സഭയിൽ...

4. ക്ഷോണിതലേമേവും ഖലനാം സാത്താനെ
വിശ്വാസം പേറിവെന്നൊരു മാതാവേ...
ദുർഗുണ ക്ഷിതിപരനീ – ന്നടിയാർ ഏൽക്കുന്ന
ദുർഭര പീഢകളെ നീക്കാൻ പ്രാർത്ഥിക്ക...

5. അന്ത്യത്തോളം തൻ പാവന വിശ്വാസം
പരിചയതായ്കൊണ്ടു മാതാവാം ശ്മൂനി...
പരിജനമുരചെയ്യും... പാരിതിയിൻ ജ്ഞാനം...
പരമാത്മൻ കൃപയാൽ നീക്കിയ ഭാഗ്യവതീ...

6. സുതരുടെ രോദനവും ഗാത്രത്തിൻ വ്യഥയും...
മാറ്റൊലി കൊണ്ടപ്പോൾ പ്രാർത്ഥിച്ചൊരു മാതേ...
പ്രതിഗ്രാഹിക ഭക്തി പ്രഥനം ചെയ്തീടും-
പാരിതിയിൽ ഞങ്ങൾക്കഭയം നീ അമ്മേ...

## 5.

## സർവ്വേശ്വരവചനം നരനായ് എന്ന രീതി

1. സർവ്വരും ഒരുപോലെ മൃതിയാം പാഷണ്ഡതപുൽകി
ആയവരിന്നെല്ലാം വേർപെട്ടത്യുന്നതനാകും
ക്ഷിതിപാലനാഥൻ ... വചനത്താൽ മഹിതം...
ധീരത ഉൾക്കൊണ്ട് ...സാത്താനെവെന്നൂ ... മർത്തശ്മൂനിയമ്മ...

2. കണ്ണീരൊടുനാഥൻ സന്നിധി ദർശിച്ചായതിനാൽ
അതിധൈര്യത്തൊടുതൻ സുതരോടീവിധമുരചെയ്തു...
പീഢയതീധരയിൽ...പ്രാപിപ്പോർ നിങ്ങൾ...
താതൻ സന്നിധിയിൽ നേടും ഔന്നത്യം... വാടാത്തൊരുമകുടം...

3. സർവ്വേശ്വരനുടയോൻ ഏകൻ മാത്രമതായ്ച്ചൊല്ലി...
പാവനമാം നിയമം പാലിച്ചായതിലർപ്പിതയായ്...
ധ്യുതിവിതറും പകലോ - നൊപ്പം പ്രഭവിതറും
മർത്തശ്മൂനി അമ്മേ...പ്രാർത്ഥിക്കടിയാർക്കായ് ...
പ്രാർത്ഥിക്കടിയാർക്കായ്.

4. നിക്ഷേപം സ്വർഗ്ഗേ - കൂട്ടുന്നോർക്കു മഹാഭാഗ്യം...
ഇക്ഷിതൻ നേട്ടം ധരയിൽ ക്ഷയമേൽക്കും നൂനം...
എന്നുരചെയ്തവനാം...യാഹാംദൈവത്തിൽ
അഭയപ്പെട്ടവളാം മർത്തശ്മൂനി അമ്മേ..പ്രാർത്ഥിക്കടിയാർക്കായ്...

5. വിഗ്രഹസേവയതും, അഹിതം ഭോജനവും ഏൽപ്പാൻ...
അരചൻ അന്ത്യോഖ്യോസുരചെയ്താ വചനം തള്ളി...
ദൈവീകമാം സത്യം...പാലിച്ചിടാനായ് ...
സൂതരൊപ്പം തന്റെ ജീവിതമർപ്പിച്ചോ - രമ്മേ പ്രാർത്ഥിക്ക...

6. ദഹനൻ രവിതുല്യം ക്ലേശം പേറും ജനനദിയി-
ന്നമ്മേ ശ്മൂനിനിൻ സന്നിധേ പ്രാർത്ഥനയോടെത്തി...
ദുർഭര പീഠകളും ...ദുർഭര ചെയ്തികളും...
പാടെ നീങ്ങീടുവാൻ ...അർത്ഥിച്ചിടുന്നു. പ്രാർത്ഥിക്കെങ്ങൾക്കായ്...

**6.**

<u>മാനവവത്സലനെ ക്രോബെ എന്ന രീതി</u>

1. മർത്തശ്മൂനി നിൻ, ധൈര്യം, വിശ്വാസം, കാന്തി
എന്നി - വ ഓർത്ത് പാവനസവിധേ
അണയുന്നോരെങ്ങൾക്കാ-ശ്വാ-സം നിൻ
പ്രാർത്ഥനയാലേകീടണമെ...

2. ശീത പ്രഭതുല്യം ...തഴുകും നിൻമൊഴി അടിയങ്ങൾ
ക്കാശ്രാ-യമായി...ഈ പാരിധിയിൽ
പാത്രിത പീഠകളെ നീ -ക്കി - ടാനായ്
അടിയാരെ നൽകു - ന്നമ്മേ...

3. നിൻ സ്മൃതി ഭൂമിതലെ മർത്യർ ആഘോഷിക്കുമ്പോൾ
വാനോർമേ-ലും. ആ - മോദിച്ച്
നിൻ ചരിതം വാഴ്ത്തും - ശ്മൂനി - മാതേ
നിൻ പ്രാർത്ഥന ഞങ്ങൾക്കഭയം.

4. വാനോർ ചുറ്റും നിൻ - സന്നിധേ നിൻ സുത സഹദേൻമ്മാർ
ഗുരുവും -ചൂടീ ജീവകിരീടം
വാടത്തൊരുമകുടം, പ്രാർത്ഥിക്കണമേ
ഏഴകൾ അടിയങ്ങൾ - ക്കായി...

5. ദണ്ഡന പീഠകളെ ശോഭിതമകുടം പോൽകണ്ട്
പാരിതി തന്നിൽ വിശ്വാസത്തെ
ആദരവാൽ ഏറ്റ ശ്മൂ-നി-മാതേ
നിൻ പ്രാർത്ഥന ഞങ്ങൾക്കഭയം

6. ഉന്നത - രാജ്യമതും ശാശ്വതജീവിതവും കണ്ട്
ജാഗ്രാ - തയോടെ പാരിതെ പാർപ്പാൻ
തൻ സൂതരോടുചൊന്ന ശ്മൂനി - മാ- തേ
ഞങ്ങൾക്കായ് പ്രാർത്ഥിക്കണമെ...

7. മേലുള്ളോരൊന്നിച്ചിരവിൽ കീഴുള്ളോർ പാടും
നിൻ ത്വാ - ഗത്തെ വി - ശ്വാസത്താൽ
നിൻ സന്നിധിയണയും ഞങ്ങൾക്കെന്നും
ശ്മൂനി നീ ആശ്രയം അമ്മേ...

8. പകലോൻ പ്രഭതുല്യം വദനത്തിൽ ശോഭിതമാതേ
കണ്മ - ഷമെ -ല്ലാം നീ-ങ്ങീ-ട്ടടിയാർ
സഹദേൻമ്മാരൊപ്പം മ- കുടം പേറാൻ
നിൻ പ്രാർത്ഥന എന്നും കോട്ട...

## 7

(ജനനി പരിശുദ്ധ എന്ന രീതി)

1. സുതരേഴും നാഥ ശ്മൂനിയും അവരൊപ്പം
ഗുരുവാം ഏലിയാസർ - ച്ചെന്നരചൻ മുൻപിൽ
പീഠയതേറ്റീടുവാൻ - സന്നദ്ധർ ഞങ്ങൾ...
എന്നാലും കർത്തൻ ... വചനം പാലിക്കും
എന്നുരചെയ്തേവം...

2. അരചൻ അന്ത്യോ - ഖ്യോസ് അതികോപം പൂണ്ട്
അവികലമില്ലാ - ത്തോർക്കാപത്തേറ്റീടുവാൻ
പരിനിഷ്ഠിത ദാ-സർ-ക്കുത്തരമേകിക്കെ
ണ്ടതിതാപം കൂട്ടി - എണ്ണതിളപ്പിച്ചു
സുതരെ നിഹനിപ്പാൻ...

3. ആദിഷ്ടം തെല്ലും ആതങ്കം ഏറ്റാ-
തത്യുന്നതനു -ടയോൻ മൊഴിചൊന്നിതമോതി.
ഞങ്ങൾക്കുയിർതന്നോ...നേകീടും ജീവൻ
സിദ്ധർ സഹദേന്മാർ ... ക്കൊപ്പം സ്വർഗ്ഗത്തിൽ
താതൻ സന്നിധിയിൽ

4. സൂതരേഴും ഗു- രുവും ഏറ്റൊരുവേദനയിൽ
അവസാനം താനും വെന്തുരുകിത്തീർന്നു...
ഇക്ഷിതിയിൽ കർത്തൻ വചനം പാലിപ്പോർ
ഏകീടും മകുടം ...പ്രാപിച്ചൊരുമാതേ...
ശ്മൂനിപ്രാർത്ഥിക്ക...

**8.**

(സോദരരേ കേൾപ്പിൻ എന്ന രീതി)

➢ വിശ്വാസം കാക്കുവാൻ
പീഢനമേ-റ്റവളാം താതേ
സ്രഷ്ടാവിനുവേണ്ടി
സുതരേ ബലി നൽകിയോരമ്മേ
മോശൈക വചനം
പാലിപ്പാൻ ശ്രദ്ധചെലുത്തി
തൻ ഗുരുവേ പോലെ
സാക്ഷ്യത്തിൻ മകുടമണിഞ്ഞു
മർത്തശ്മൂനി മാതേ
നിൻ പ്രാർത്ഥനയിൽ അഭയപ്പെടുവോ-
രീ നിൻ അടിയാർ പ്രാപിക്കട്ടെ
കൃപും വാഴ്‌വും

➢ ബാല്യം മുതൽ തന്നെ
ദൈവത്തി - ന് ചേർന്ന വിധത്തിൽ
ജീവിച്ച വിശുദ്ധൻ
സ്വജനങ്ങൾക്ക് മാതൃകയായി
സൃഷ്ടാവിൻ നിയമ -
ത്തിന്നെതിരായ് ജീവിച്ചീടാൻ
രാജാവിൻ പടയാ-
ളികളവനെ പീഢിപ്പിച്ചു

തന്റെ ജീവിത ശുദ്ധി
ലോകത്തിന് മാതൃകയായീടാൻ
ഗുരുവരം ഏലിയാ -സർ
ഉത്തമ മ-രണം പ്രാപിച്ചു

➢ ശ്മുനി മാതാവും
സോദരരാം സഹദേന്മാ-രും
രാജാവിൻ കല്പ - ന
പാലിക്കാ-തെയിരുന്നതിനാൽ
പടയാളികളവരെ
തടവറയിൽ ബന്ധിതരാക്കി
രാജാവിൻ പടയാ-
ളികളവരെ പീഢിപ്പിച്ചു

ദൈവീകമാം കല്പനകൾ-
ക്കെതിരായ് ജീവിക്കുന്നതിനേക്കാൾ

മരണം ഭേതമതെ -
ന്നരചനൊട-ങ്ങായവർ ചൊല്ലി

➢ സഹദേന്മാർ കൈയ്യും
കാലുകളും ഛേദിച്ചിട്ട്
അവർ തൻ മെയ്യിൽ നി-
ന്നും ചർമ്മം ഉരിയപ്പെട്ടു
വറചട്ടിയിലവരെ
ഉയിരോടെ എറിയപ്പെട്ടു
മാതാവതി ധൈര്യ-
ത്തോടെയിതെല്ലാം ദർശിച്ചു

ഞ-ങ്ങൾ തൻ പാപങ്ങൾ
ഈ മരണത്തിൻ ഹേതുവതെന്ന്

നൃപനോടോതിയവർ
സ്വർഗ്ഗത്തിൻ മകുടമണിഞ്ഞു

➢ തൻ സുതരെപ്പോലെ
ശ്മൂനി മരണം പ്രാപിച്ചു
നൽ ജീവൻ പ്രാപി-
പ്പാനവർ മരണത്തെ പുൽകി
പീഢകളിൻ പ്രതിഫ-
ലമായവർ പ-റുദ്ദീസ പൂകി
ലോകഗതിക്കെതിരായ്
ജീവിച്ചവർ സ്വർഗ്ഗം നേടി

പ്രാർത്ഥിച്ചീടണമേ
ഞങ്ങൾക്കായ് നാഥൻ സവിധത്തിൽ

സഭയും സുതരും ഒ-
രു പോൽ സവിധേ അർത്ഥിക്കുന്നു.

**9**

ഭൂസ്വർഗ്ഗം പേറുന്നോനെ എന്ന രീതി

1. ഭൂസ്വർഗ്ഗങ്ങളൾക്കുടയോന്റെ വചനം നിബിച്ചൊന്നതുപോലെ
ഹൃത്തതിലേറ്റി തൻ ഭവനെ ശോഭിതയായോരു പരിശുദ്ധ
മർത്തശ്മൂനിയും തൻ സുതരും
ഗുരുവാം ഏലയാസറുമൊപ്പം
ജീവൻ വച്ചിഹെ വിശ്വാസം
പരിരക്ഷിച്ചു - തലമുറകൾക്കായ്

ദൈവീക സന്നിധേ ദൂതസമം സുതരൊപ്പം മേവും മാതേ
പ്രാർത്ഥിക്കണമേ ഞങ്ങൾക്കായി ...

2. ഭാഗ്യം നിബിയർക്കും, ശ്ലീഹർ, സഹദേൻമ്മാർക്കേകും നാഥാ...
പുനരുദ്ധാന മഹാദിവസേ മർത്തശ്മൂനിയും തവസുതരും
നിൻവല ഭാഗേമേവിക്കെ-
ണ്ടരചെ-ന്നെതിരായ് മൊഴിചോല്ലും
നേരം നിയതി പ്രഘോഷിക്കും
ന്യായം ദുഷ്ടർ- ക്കെതിരായിടും ....
പീഢകർ ദുസ്സഹ പീഢയതിൽ മേവും നേരം അടിയങ്ങൾ
നിൻക്രുപയാൽ ശോഭിതരമ്മേ..

3. പീഢകരോടു സഹദേരൊപ്പം ഗുരുവും മാതാവുംച്ചൊന്നു
തീവാളുകളാൽ ദേഹാന്തം ചെയ്താലും കർത്തൻ നിയമം
പാലി-ച്ചീടും ഇക്ഷിതിയിൽ
മെയ്നാശം പൂണ്ടെന്നാലും
ആത്മം ജീവനോടെഴുനേൽക്കും
ലജ്ജിതരാകും ...പീഢിതർ നിങ്ങൾ
കർത്താവേ നിൻ സന്നിധിയിൽ ശോഭിതരീശുദ്ധരെയോർത്ത്
കൃപഞങ്ങളീലേകീടേണമേ...

4. ക്നൂമാ മൂന്നൊടു ദൃഷ്ടാന്തം സോദരസ്നേഹം തൻ സുതരിൽ
കേടന്യേ നില കൊണ്ടിടുവാൻ സാകൂതം സംഹിതവചനം
ച്ചൊന്നതിലർപ്പിത മാതാവേ
ശ്മൂനി - സജ്ജിതവിശ്വാസം
സ്നേഹം, സത്ഗതി ഇവ നേടാൻ
പ്രാർത്ഥിക്കണമേ, അടിയാർക്കായി ....
തവ സന്നിധിയിൽ കണ്ണീരോടർത്ഥന ചെയ്യും മക്കളെനീ
കൈവെടിയല്ലേ ഭാഗ്യവതി.

**10**

നിർമ്മല സ്നേഹം ദൈവത്തോടുണ്ടെന്ന് ത്യാഗത്താൽ തെളിയിച്ചോരമ്മേ
നിൻ തിരുസവിധേ അണയുന്നോർക്കെല്ലാം ആശ്വാസകേദാരം നീയേ...
ശ്മൂനിമാതാവേ നിന്നെ നമിച്ച്
ആശ്വാസം തേടി ഞാൻ പ്രാർത്ഥിക്കുന്നു
അലിവോടെ എൻ മിഴിനീർ തുടച്ചിടണെ
മാതാവേ ശ്മൂനി മാതാവേ പ്രാർത്ഥിക്കണേ എന്നും പ്രാർത്ഥിക്കണേ
1. കണ്ണീർ തുടയ്ക്കുന്ന കരതാരിതെന്ന് അനുഭവമെന്നോടു ചൊല്ലി
എൻ ഹൃദയം നുറുങ്ങുമ്പോൾ അരികത്തു വന്നിടാൻ നീ
മാത്രമേയുള്ളു മാതേ
സ്നേഹത്തിനാൾരൂപം നീ മാത്രമമ്മേ ത്യാഗം സഹിക്കുന്നോർക്കുലകിൽ
അഭിഷേക തൈലമാം ശോഭിതനാഥേ എന്നാളും എന്നുള്ളിൽ വാഴൂ
നിൻ സുതനായ് എന്നെയും ചേർത്തണയ്ക്കൂ....
(മാതാവേ ശ്മൂനി മാതാവേ....)

2. ധൈര്യം കെടുത്തുന്ന ലോകത്തിൻ മൊഴികളിൽ ഞാൻ
താണുപോയൊരു നേരം
ആശ്വാസമേകിയോർ അധരം മലർത്തി പരിഹാസ്യനായെന്നെ എണ്ണി
ആരോരുമില്ലാത്ത എന്നെ നിൻചാരെ ചേർത്തുനിർത്തിയോരമ്മേ
ആനന്തമുലകിൽ അമ്മതൻചാരെയെന്നാത്മാവിൽ അറിയുന്നു ഞാനും
നിൻ സുതനായ് എന്നെയും ചേർത്തണയ്ക്കൂ
(മാതാവേ ശ്മൂനി മാതാവേ....)

## 20. ഭാഗ്യവതിയായ മർത്തശ്മൂനി അമ്മയോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

### (പെരുമ്പള്ളി തിരുമേനി രചിച്ചത്)

പുരോഹിതൻ : സർവ്വശക്തനും കാരുണ്യവാനുമായ ദൈവമേ! ഞങ്ങൾ നിന്നിൽ അഭയം പ്രാപിക്കുന്നു. നിന്റെ കരുണയുടെ വാതിൽക്കൽ ഞങ്ങൾ മുട്ടി വിളിക്കുന്നു. കരുണയോടെ ഉത്തരം അരുളണമേ. മനോഗുണമുള്ളവനേ നിന്നിൽ ആശ്രയിച്ചിരിക്കുന്ന ഞങ്ങൾ ലജ്ജിച്ചു പോകരുതേ. ഇരവിലും പകലിലും നിന്റെ ദാസരായ ഞങ്ങളെ സംരക്ഷിക്കേണമെ. മനുഷ്യസ്നേഹമുള്ളവനായ ദൈവമേ നീ ഞങ്ങളുടെ രക്ഷിതാവും വീണ്ടെടുപ്പുകാരനും ആകുന്നുവല്ലോ. ഞങ്ങളുടെ പാപങ്ങളും അകൃത്യങ്ങളും നിമിത്തം ഞങ്ങളോടു കോപിക്കരുതേ. രഹസ്യവും പരസ്യവുമായ ഞങ്ങളുടെ കുറ്റങ്ങളെ നീ ഓർക്കുകയുമരുതേ. എന്നാലോ നിന്റെ കരുണ ഒന്നിനാൽ ഞങ്ങൾ സമാധാനവും ആശ്വാസവും രക്ഷയും പ്രാപിക്കേണമേ. എന്റെ കർത്താവേ ഞങ്ങൾ നിന്റെ കൈകളാൽ മെനയപ്പെട്ടവരും നിന്റെ തിരുനാമത്താൽ വിളിക്കപ്പെട്ടവരുമാകയാൽ നിനക്ക് ഞങ്ങളോട് മനസ്സലിവു തോന്നേണമേ. അവിടുന്ന് കരുണ തോന്നി ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യേണമേ. ഞങ്ങളുടെ മിശിഹാതമ്പുരാനെ പൂർവ്വപിതാക്കന്മാരുടെ സത്യവിശ്വാസത്തിൽ നിലനിന്ന് നിന്റെ ദിവ്യ കൽപ്പനകളെ പാലിച്ച് അവസാനശ്വാസം വരെ നിന്നെ ഏറ്റുപറഞ്ഞ് തിരുനാമ മഹത്വത്തിനായി ജീവൻ ബലിയർപ്പിച്ച ഭാഗ്യവതിയായ മർത്തശ്മൂനി അമ്മയുടെയും അവളുടെ മക്കളായ പരി. ഏഴു സഹോദരന്മാരുടെയും അവരുടെ ഗുരുനാഥനായ പരി. ഏലിയാസറിന്റെയും ദിവ്യമദ്ധ്യസ്ഥതയാൽ ഉത്തമനേ ദയതോന്നി ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യേണമേ.

## ഹാലേല്ലൂയ്യാ.........ഹാലേല്ലൂയ്യാ..........ഹാലേലൂയ്യാ

(ഭൂസ്വർഗ്ഗം പേറുന്നോനേ  എന്ന രീതി)

ഗിരിമേൽ തരുവിൽ അബ്രഹാം
ദർശിച്ചെന്ന ബലിയാടും
പാളയ മദ്ധ്യേ മോശനിബി
നാട്ടിയ പിച്ചള സർപ്പമതും
1. യിസ്രായേലിൻ രക്ഷകനാം
മിശിഹായേ ലക്ഷ്യം വച്ചു
നിബിമരവനെ പ്രവചിച്ചു
വിശ്വാസികൾതൻ വരവിനു കാത്തു
മർത്തശ്മൂനിയും തവസുതരും ഗുരുവാം ഏലിയാസറും
വിശ്വാസത്തൊടു കാംക്ഷിച്ചു
2. ദുഷ്ടൻ അന്ത്യോഖ്യാസിന്മേൽ
സാത്താൻ അധികാരം പൂണ്ടു
ബിംബാരാധന ചെയ്യാനും
ബലിവസ്തു ഭുജിച്ചീടാനും
അതിക്രൂരതയോടു കല്പിച്ചു
തൻ കല്പന ലംഘിപ്പോരേ
അതിദാരുണമായ് കൊലചെയ്തു
മർത്തശ്മൂനി സുതരോടുകൂടെ
അടിപതറാതവരന്ത്യം വരെ
സത്യത്തൊടു നിന്നടരാടി
ജീവകിരീടം പ്രാപിച്ചു.
3. ശാശ്വതജീവൻ നേടീടാൻ
പ്രാണൻ ബലിനൽകിയൊരമ്മേ
തൻ സുതരോടു ചേർന്നുടയോന്റെ
മണിയറ പൂകിയ മാതാവേ
ധന്യ, മർത്തശ്മൂനിയമ്മേ ോ
ധീരേ, പോരാട്ടക്കാരി
പ്രാർത്ഥിക്കണെ മീ മക്കൾക്കായി
ഉടയോനൊടു നീ എല്ലാനാളും
രോഗം വ്യാധി വസന്തകളും
കെടുതികളരിശത്തിൻവടിയും
അടിയോരീന്നൊഴിവാക്കേണമേ.

## അപേക്ഷ

ശുദ്ധിമതിയായ മർത്തശ്മൂനി അമ്മേ

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ

ദൈവത്തെ പ്രസാദിപ്പിച്ച മാതാവേ... ഞങ്ങൾക്കുവേണ്ടി ...

ശ്മൂനി കുടുംബത്തിലെ മാണിക്യമേ... ഞങ്ങൾക്കുവേണ്ടി ...

ദൈവവിശ്വാസത്തിനായി ജീവൻ ബലിയർപ്പിച്ച മാതാവേ

ഞങ്ങൾക്കുവേണ്ടി ...

തന്നെയും തന്റെ മക്കളെയും ദൈവത്തിനായി ബലിയർപ്പിച്ച മാതാവേ

ഞങ്ങൾക്കുവേണ്ടി ...

വിശ്വാസത്തിന്റെ മകുടമായ മാതാവേ... ഞങ്ങൾക്കുവേണ്ടി ...

അഭയപ്പെടുന്നവരെ ഉപേക്ഷിക്കാത്ത മാതാവേ.. ഞങ്ങൾക്കുവേണ്ടി ...

രോഗികളുടെ ആശാകേന്ദ്രമായ മാതാവേ.... ഞങ്ങൾക്കുവേണ്ടി ...

വിലാപത്തിലിരിക്കുന്നവരുടെ സങ്കേതമായ മാതാവേ...

ഞങ്ങൾക്കുവേണ്ടി ...

ഞെരുക്കത്തിലിരിക്കുന്നവരുടെ ആശാകേന്ദ്രമായ മാതാവേ....

ഞങ്ങൾക്കുവേണ്ടി ...

ദുഃഖിച്ചിരിക്കുന്നവരുടെ സഹായമായ മാതാവേ......

ഞങ്ങൾക്കുവേണ്ടി ...

മനോവിഷമത്തിലിരിക്കുന്നവരുടെ ശരണമായ മാതാവേ...

ഞങ്ങൾക്കുവേണ്ടി ...

ഞെരുക്കത്തിലിരിക്കുന്നവരെ ആശ്വസിപ്പിക്കുന്ന മാതാവേ...

ഞങ്ങൾക്കുവേണ്ടി ...

ദുരിതങ്ങളെ ദൂരീകരിക്കുന്ന മാതാവേ... ഞങ്ങൾക്കുവേണ്ടി ...

ശിശുക്കളെ കാത്തുപരിപാലിക്കുന്ന മാതാവേ ...

ഞങ്ങൾക്കുവേണ്ടി ...

ഞങ്ങളുടെ സന്തോഷത്തിന്റെ ഉറവയായ മാതാവേ...

ഞങ്ങൾക്കുവേണ്ടി

വിശ്വാസികളുടെ മാതൃകയായ മാതാവേ... ഞങ്ങൾക്കുവേണ്ടി

ഗുരു ഏലിയാസർ കാത്തുപരിപാലിച്ച മാതാവേ... ഞങ്ങൾക്കുവേണ്ടി

സത്യവിശ്വാസത്തിന്റെ മൂർത്തിയായ മാതാവേ... ഞങ്ങൾക്കുവേണ്ടി

ത്യാഗത്തിന്റെ വിളനിലമായമാതാവേ... ഞങ്ങൾക്കുവേണ്ടി
ദാരിദ്ര്യദുഃഖം മാറ്റിക്കളയുന്ന മാതാവേ ഞങ്ങൾക്കുവേണ്ടി
ഞങ്ങളുടെ മുഖത്തുനിന്ന് കണ്ണുനീർ തുടച്ചുമാറ്റുന്ന മാതാവേ
ഞങ്ങൾക്കുവേണ്ടി
ആത്മവിശ്വാസം കൈവരുവാൻ പ്രാർത്ഥിക്കുന്ന മാതാവേ.......
ഞങ്ങൾക്കുവേണ്ടി
ധൈര്യസമേതം ജീവിതം മുന്നോട്ട് കൊണ്ടുപോകുവാൻ സഹായിക്കുന്ന മാതാവേ... ഞങ്ങൾക്കുവേണ്ടി
നിരാശയുണ്ടാകാതെ ഞങ്ങളെ കാത്തുകൊള്ളുന്ന പരിശുദ്ധമാതാവേ
ദൈവമേ ഞങ്ങൾക്കുവേണ്ടി

സർവ്വശക്തനായ ദൈവത്തെ ശരണം വച്ച് ജീവിക്കുകയും ദൈവവിശ്വാസത്തിനായി തന്നെയും തന്റെ മക്കളെയും ബലി അർപ്പിക്കുകയും ചെയ്ത വാഴ്ത്തപ്പെട്ടവളും ഭാഗ്യവതിയുമായ മർത്തശ്മൂനി അമ്മേ നിന്റെ സന്നിധിയിൽ സത്യവിശ്വാസത്തോടും പ്രത്യാശയോടുംകൂടെ വന്ന് കണ്ണീരോടെ പ്രാർത്ഥിക്കുന്ന നിന്റെ മക്കളെ നിന്റെ യജമാനനായ ദൈവത്തിന്റെ സന്നിധിയിൽ സമർപ്പിക്കണമെ. അമ്മേ നിന്റെ വിലയേറിയ മദ്ധ്യസ്ഥപ്രാർത്ഥനയാൽ ദുഃഖങ്ങളിൽ നിന്നും ആപത്തുകളിൽ നിന്നും ഞങ്ങൾ സംരക്ഷിക്കപ്പെടുമാറാകണമേ.

വിശ്വാസത്തിന്റെ വാതിലും സകല നന്മകളുടെയും ഉറവയും തന്നിൽ ശരണപ്പെടുന്നവരുടെ സങ്കേതസ്ഥാനവും സഹായവുമായ മാതാവേ വരുവാനിരിക്കുന്ന സകല പ്രതികാരങ്ങളിൽ നിന്നും കോപത്തിന്റെ വടിയിൽ നിന്നും ഞങ്ങളെ രക്ഷിച്ചുകൊള്ളേണമേ.

ഞങ്ങളുടെ അഭയസ്ഥാനവും ആശ്രയവുമായ വാഴ്ത്തപ്പെട്ട മാതാവേ! ഞങ്ങൾക്കുവണ്ടിയുള്ള പ്രാർത്ഥനയെ മുടക്കരുതെ. അവിടുത്തെ യജമാനന്റെ സന്നിധിയിലുള്ള യാചന വഴിയായി ഞങ്ങളുടെ ദുർബലതകൾ താങ്ങപ്പെടേണമേ. രോഗികൾ സൗഖ്യം പ്രാപിക്കണമേ. ഞങ്ങളുടെ ജീവിതപാതകൾ കുറ്റമറ്റതായിത്തീരേണമേ. അമ്മേ അവിടുത്തെ മദ്ധ്യസ്ഥപ്രാർത്ഥനയാൽ ഞങ്ങളുടെ വൃദ്ധജനങ്ങളെ താങ്ങണമേ. യൗവ്വനക്കാർ പരിപാകതയുള്ളവരായി തീരണമേ. ശിശുക്കൾ ആരോഗ്യത്തിലും ദൈവഭയത്തിലും ജ്ഞാനത്തിലും വളർത്തപ്പെടണമേ. സമീപസ്ഥരെ കാത്തുകൊള്ളുകയും ദൂരസ്ഥന്മാരെ സമാധാനത്തോടെ തിരികെ

വരുത്തുകയും ചെയ്യണമെ. പരിശുദ്ധ മാതാവേ ദുഃഖങ്ങളിൽനിന്നും ദുഷ്കാലങ്ങളിൽനിന്നും ഞെരുക്കത്തിൽനിന്നും ഞങ്ങളെ രക്ഷിച്ചുകൊള്ളണമെ. മാതാവേ നിന്റെ പ്രാർത്ഥനയാൽ സമാധാനപരമായ നിത്യജീവിതത്തെ അലങ്കോലപ്പെടുത്തുന്ന സകലവിധ പൈശാചിക വ്യാപാരങ്ങളും ഞങ്ങളിൽ നിന്നും ഞങ്ങളുടെ ഭവനങ്ങളിൽ നിന്നും ഒഴിഞ്ഞു പോകണമേ. ഞങ്ങളുടെ എല്ലാ ജീവിതസംരംഭങ്ങളും അനുഗ്രഹീതമായിത്തീരണമേ. സമാധാനകാലങ്ങളും ഐശ്വര്യപൂർണമായ ജീവിതവും ഞങ്ങൾക്ക് നൽകേണമെ. മർത്തശ്മൂനി അമ്മേ! മാതാവേ ഇന്ന് പ്രത്യാശയോടെ നിന്റെ സന്നിധിയിൽ വന്ന് അപേക്ഷകളും പ്രാർത്ഥനകളും സമർപ്പിക്കുന്ന ഈ നിന്റെ മക്കളെ പ്രത്യേകമായ കൃപകൾക്കും അനുഗ്രഹങ്ങൾക്കും നീ യോഗ്യനാക്കേണമേ. ഇവരുടെ സങ്കടങ്ങൾക്ക് പരിഹാരം വരുത്തി കൊടുക്കണമേ. സകലവിധമായ ദോഷങ്ങളും അപകടങ്ങളും വിനാശകരമായ സകലതും ഇവരിൽനിന്ന് ഒഴിഞ്ഞു പോകേണമേ.

ഭാഗ്യവതിയായ പരിശുദ്ധ അമ്മേ അവിടുത്തെ പ്രാർത്ഥനകളാൽ ഞങ്ങൾക്ക് രോഗശാന്തിയും ആശ്വാസവും, സംതൃപ്തിയും, ഐശ്വര്യപൂർണ്ണമായ ദീർഘായുസ്സും നൽകണമേ. അനാഥരെ കാത്തുകൊള്ളണമെ. വിധവകളെ സംരക്ഷിക്കണമെ. സന്താനഭാഗ്യമില്ലാത്ത ദമ്പതികൾക്ക് പൈതങ്ങളെ നൽകി അനുഗ്രഹിക്കണമെ. അമ്മേ നിന്റെ ഓർമ്മയെ സ്വർഗ്ഗത്തിലും ഭൂമിയിലും ശ്രേഷ്ഠമാക്കിയ ദൈവമായ മിശിഹായെ ഞങ്ങളും സ്തോത്രം ചെയ്തുകൊണ്ട് മൂന്ന് പ്രാവശ്യം കുറിയേലായിസോൻ എന്ന് അട്ടഹസിച്ചു പറയുന്നു.

**കുറിയേ.......കുറിയേ....കുറിയേ....**

(രക്ഷകനാം മിശിഹാ.... എന്ന രീതി)

രക്ഷകനാം മിശിഹാ അടിയാരിൽ കരുണകൾ ചൊരിയണമേ
ശുദ്ധിമതീ മർത്തശ്മൂനിതൻ പ്രാർത്ഥനയാലെ
നീങ്ങണമേ - ശാപം പോക്കണമേ പാപം ദോഷമതും
ഏകണമേ ശാന്തി വാഴണണേ നൻമകളടിയാരിൽ
വ്യാധി വസന്തകളും കോപത്തിൻ വടിയും
സാത്താൻ തന്ത്രമതും ദുഷ്ടന്മാരുടെ പീഢകളും
കാവൽക്കാരി - നിൻ പ്രാർത്ഥനയാൽ അടിയാർ പ്രാപിയ്ക്കും
നന്മകളും വാഴ്വും കർത്താവിൽ നിന്നെന്നേയ്ക്കും

കുറിയേലായിസോൻ ............ (5 പ്രാവശ്യം)
നാഥ കൃപ ചെയ്തീടണമേ ............ (5 പ്രാവശ്യം)
നാഥ കൃപചെയ്യണമലിവാൽ ............ (5 പ്രാവശ്യം)
നാഥ ഉത്തരമരുളണമേ ............ (5 പ്രാവശ്യം)
അമ്മേ പ്രാർത്ഥിച്ചീടണമേ ............ (5 പ്രാവശ്യം)
ശൂബഹോ ലോക് മൊറാൻ ശൂബഹോ ലോക് മൊറാൻ ...
സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ ......
കൃപ നിറഞ്ഞ മറിയമേ ......... (ഇത്യാദി)

(പുരോഹിതൻ ആശീർവാദം നൽകുന്നു.)

(ഡോ. ഗിവർഗീസ് മോർ ഗ്രിഗോറിയോസ്
(പെരുമ്പള്ളി തിരുമേനി രചിച്ചത് സമാപ്തം)

## 21. മർത്തശ്മൂനി അമ്മയോടുള്ള അപേക്ഷ

1. സർവ്വശക്തന്റെ വചനത്തെ ഹൃദയത്തിലുൾക്കൊള്ളുകയും, പാവനമായ ജീവിതമാർഗ്ഗത്തിലൂടെ വിശ്വാസികൾക്ക് മാതൃകയാവുകയും ചെയ്ത പരിശുദ്ധയായ മർത്തശ്മൂനി മാതാവേ.......
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ.....

2. പൂർവ്വപിതാക്കന്മാരുടെ സത്യവിശ്വാസത്തിൽ നിലനിന്ന്, ദൈവിക കല്പനകളെ ഭക്തിയോടെ പരിപാലിച്ച പരിശുദ്ധയായ ശ്മൂനി മാതാവേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ.....

3. സത്യവിശ്വാസത്തിനായി തന്നെയും തന്റെ മക്കളെയും ബലികൊടുത്ത്, സാത്താന്യമാർഗ്ഗങ്ങളെ അതിജീവിച്ചു എന്ന പരിശുദ്ധയായ ശ്മൂനി മാതാവേ ...... ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ.....

4. ക്രൂരമായ പീഢനങ്ങൾ ഏറ്റുകൊണ്ട് തന്റെ മക്കൾ മരണം പ്രാപിക്കുമ്പോഴും ദൈവഹിതപ്രകാരം ശത്രുക്കളെ അനുഗ്രഹിച്ചു എന്ന, സ്നേഹത്തിന്റെ ആൾരൂപമായ ശ്മൂനിമാതാവേ....
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ.....

5. സ്വർഗ്ഗയാത്ര ചെയ്യുന്നവരുടെ ശരിയായ മാർഗ്ഗദീപവും മോക്ഷത്തിലേയ്ക്ക് കരേറുന്നവരുടെ മാതൃകയും സ്വർഗ്ഗീയ രാജാവിന്റെ സന്നിധിയിൽ അപേക്ഷാസ്വാതന്ത്ര്യവുമുള്ള പരിശുദ്ധ ശ്മൂനി മാതാവേ...

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ.....

6. തന്നിൽ സങ്കേതം പ്രാപിക്കുന്ന രോഗികൾക്ക് ആശ്വാസത്തിന്റെ തുറമുഖവും, വൈഷമ്യത്തിലിരിക്കുന്നവരുടെ പ്രത്യാശയും, ആപത്തിൽ അകപ്പെട്ടുപോയവരുടെ അഭയസ്ഥാനവും ഒറ്റപ്പെട്ടുപോയവരുടെ സഹായവുമായ മർത്തശ്മൂനി മാതാവേ.....

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ.....

7. ആത്മീയഫലങ്ങൾ നിറഞ്ഞ മരമായും ആശ്വാസത്തിന്റെ കേദാരമായും, ആശ്രിതരുടെ അഭയമായും തലമുറകൾ പ്രകീർത്തിക്കുന്ന ഭാഗ്യവതിയായ മർത്തശ്മൂനി മാതാവേ.....

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ.....

8. ഗുരുവായ ഏലിയാസർ ആത്മിക ജ്ഞാനബോധത്തിൽ കാത്തുപരിപാലിക്കുകയും തന്റെ മക്കളെ സ്വർഗ്ഗീയരാക്കി വളർത്തുകയും, തന്റെ സഹനങ്ങളിൽ ശാന്തത കൈവിടാതിരിക്കുകയും ചെയ്തു എന്ന ഭാഗ്യവതിയായ ശ്മൂനി മാതാവേ

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ.....

പരിശുദ്ധയായ മർത്തശ്മൂനി മാതാവേ.....

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ.....

വിശ്വാസികളുടെ മാതൃകയായ മാതാവേ.....

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ.....

കുടുംബങ്ങളുടെ ആശ്രയമായ മാതാവേ...

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ.....

രോഗികളുടെ ആശ്വാസമായ മാതാവേ...

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ.....

ദുഃഖത്തിലിരിക്കുന്നവരുടെ ആശ്വാസമായ മാതാവേ......

ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ.....

വിലാപത്തിലിരിക്കുന്നവരുടെ സങ്കേതമായ മാതാവേ....
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ.....
കുഞ്ഞുങ്ങളുടെ സംരക്ഷകയായ മാതാവേ....
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ.....
ഞെരുക്കത്തിലിരിക്കുന്നവരുടെ അഭയമായ മാതാവേ....
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ.....
ദൈവത്തെ പ്രസാദിപ്പിച്ച മാതാവേ.....
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ.....
യുവതീ, യുവാക്കളുടെ ആശ്രയവും കുഞ്ഞുങ്ങളുടെ സംരക്ഷകയുമായ മാതാവേ..
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ.....
ത്യാഗത്തിന്റെ ആൾരൂപവും സഹനത്തിന്റെ മാതൃകയുമായ മാതാവേ...
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ.....

## ഗാലാ മർത്തശ്മൂനി ദേവാലയത്തിലെ പ്രധാന ശുശ്രൂഷകൾ

- **വിശുദ്ധ കുർബ്ബാന**
  എല്ലാ വെള്ളിയാഴ്ചകളിലും
  സമയം : രാവിലെ 7.45 പ്രഭാത പ്രാർത്ഥന
  രാവിലെ 8.30 വിശുദ്ധ കുർബ്ബാന
- **സണ്ടേസ്കൂൾ**
  എല്ലാ വെള്ളിയാഴ്ചകളിലും
  സമയം : രാവിലെ 10.30 മുതൽ 11.30 വരെ
- **ദിവ്യാനുഭവ ധ്യാനം**
  എല്ലാ ശനിയാഴ്ചകളിലും
  സമയം : വൈകിട്ട് 7 മുതൽ 8.45 വരെ
- **പ്രയർ സെൽ**
  എല്ലാ തിങ്കളാഴ്ചകളിലും ബുധനാഴ്ചകളിലും
  സമയം : വൈകിട്ട് 7 മുതൽ 8 വരെ
- **സന്ധ്യാ നമസ്കാരം**
  എല്ലാ ദിവസവും (വെള്ളിയാഴ്ച ഒഴികെ)
  സമയം : വൈകിട്ട് 8 മുതൽ 8.30 വരെ
- **വി. കുമ്പസാരം, സ്പിരിച്വൽ കൗൺസിൽ**
  എല്ലാ ദിവസവും
  സമയം : വൈകിട്ട് 5.30 മുതൽ 7 വരെ
- Education Councelling as per booking
  Time : Thursday, 6 pm to 8 pm
- **ഭക്ത സംഘടനകൾ**
  1. സണ്ടേസ്കൂൾ
  2. യൂത്ത് അസ്സോസിയേഷൻ
  3. വനിതാ സമാജം